G3 BHASKARAN KRISHNA PILLAI.

032:3N02:14

032;3N02;14
G3

MURUGAN BINDING
WORKS,
NO. 3, BOMMULIER STREET,
ELEPHANT GATE, MADRAS-1.

2:14 G3.
LIA1 .
(E.V.)

MUL
089387

Madras University Library

DOCTRINA VIM PROMOVET INSITAM

Call Number 032:3N02:14

Accession Number 89387

Available for loan from

This book should be returned on or before the date last marked below.

| | | | |
|---|---|---|---|
| | | | |

O. 61

# BHASKARAN

## THE LIFE OF A STUDENT.

---

E. V. Krishna Pillai B. A; B. L.

Secretary

The All Kerala Literary Conference

AND

THE AUTHOR OF

Veera Mahatwam (for V. S. L. C. Examination)
Gurusamaksham (for II Form), Bala Lila (for
Preparatory class Bhashpavarsham,
Kelisoudham etc.. etc.,

---

S, R. V. Press, Quilon.

180 A

# ഭാസ്ക്കരൻ.

വി. കൃഷ്ണപിള്ള, ബി എ., ബി എൽ.

"ശ്രീരാമവിലാസം" പ്രസ്സ്,

കൊല്ലം.

1108.

3 MAR
89387
O32:3N82:14
1 G3

3 MAR 19 7

# ഭാസ്കരൻ.

## അദ്ധ്യായം ൧

### വിദ്യാരംഭം.

നിർമ്മലജലം നിറഞ്ഞൊഴുകുന്ന ഒരു നദിയുടെ തീരത്തിലാണു് വിജയപുരംഗ്രാമം സ്ഥിതിചെയ്യുന്നതു്. കാലത്തിനൊത്ത മഴയും വെയിലും ആ ദേശത്തെ സദാകാലവും അനുഗ്രഹിച്ചുവന്നതുകൊണ്ടു്, പ്രകൃത്യാതന്നെ ഫലപുഷ്ടിയേറിയ ആ ഗ്രാമം സാധുക്കളായ കൃഷീവലന്മാരുടെ അഭയകേന്ദ്രമായിത്തീൎന്നു. അന്നന്നത്തെ ആവശ്യങ്ങൾക്കു വേണ്ടതിൽ കൂടുതൽ സമ്പത്തുള്ളതായി അവിടെ നാലഞ്ചു വീടുകളിൽ അധികം ഉണ്ടായിരുന്നില്ല. മറ്റെല്ലാവരും സ്ഥലച്ചുരുക്കംകൊണ്ടു് ആണ്ടിൽ മൂന്നൂററുപത്തഞ്ചുദിവസവും ജോലിചെയ്തു സുഭിക്ഷമായ ജീവിതം അനുവൎത്തിച്ചുവന്നുവെന്നേ പറയുവാനുള്ളു.

ഈ ഗ്രാമത്തിൽ ആററുവക്കോട്ടുഷേൻറ രാമനാഥൻ എന്ന ഒരു കൃഷീവലൻ പാൎത്തിരുന്നു. ഒരുകാലത്തു നല്ല സ്ഥിതിയിൽ കഴിഞ്ഞുവന്ന ഒരു കുടുംബത്തെ രാമനാഥൻെറ പിതാമഹൻ ധൂൎത്തുകൊണ്ടു ദാരിദ്ര്യത്തിലേക്കു താഴ്ത്തിയതിനുശേഷം, പിൽക്കാലക്കാരനു് ആ ക്ഷീണം ശരിയായി പരിഹരിക്കുവാൻ ശക്തിയും ആയുസ്സും ലഭിക്കാതിരുന്നതുനിമിത്തം, രാമനാഥനു് പ്രാരംഭഘട്ടങ്ങളിൽ തൻെറ അമ്മയേയും സഹോദരികളേയും പോററുന്നതിനു വളരെ

പ്രയാസം നേരിട്ടു. അയാൾക്കു ഒരു മുപ്പതുവയസ്സായപ്പോഴേക്കു ലക്ഷണങ്ങൾ മാറിത്തുടങ്ങുകയും, സഹോദരികൾ എല്ലാം വിവാഹിതകളായി പിരിയുകയും, അതിനോടടുത്തു തന്നെ മാതാവു് ക്ലേശങ്ങൾ മാറി, സംതൃപ്തിസുഖം അനുഭവിച്ചു ഇഹലോകവാസം വെടിയുകയും ചെയ്തു.

ഇത്രയും പ്രാരബ്ദങ്ങൾ താങ്ങേണ്ടതായിവന്ന രാമനാഥനു്, താനും ഭാര്യയും ഒരു പെൺകുട്ടിയുമായി ശേഷിച്ച കുടുംബത്തെ ഐശ്വര്യത്തിലേക്കു കൊണ്ടുവരുവാൻ വലിയ കഷ്ടതകൾ നേരിട്ടുപോയി. പിന്നിടും ഒരു പന്ത്രണ്ടു വർഷത്തെ പരിശ്രമം ആ ഭവനത്തിൽ പ്രസന്നതയ്ക്കു വീണ്ടും പ്രവേശനം നൽകി. അക്കാലത്തിനിടയ്ക്കു് മുൻപു പറഞ്ഞ പെൺകുട്ടിയെക്കൂടാതെ പത്തുവയസ്സു പ്രായമുള്ള ഒരു ആൺകുട്ടികൂടി രാമനാഥൻെറ സംരക്ഷണയെ അർഹിക്കുന്ന ഘട്ടത്തിലാണു് നമ്മുടെ കഥ തുടങ്ങുന്നതു്.

രാമനാഥൻെറ സന്താനങ്ങളായ ശാരദയും ഭാസ്കരനും ആ ഗ്രാമത്തിൽ എല്ലാവരുടേയും വാത്സല്യത്തിനു പാത്രങ്ങളാണു്. സൌന്ദര്യവും ആരോഗ്യവും സൌശീല്യവും ഒന്നുചേർന്നു കാണപ്പെടുന്ന കുഞ്ഞുങ്ങളേക്കാൾ മാതാപിതാക്കന്മാക്കു് കൂടുതൽ ആനന്ദം നൽകുന്നതായി വേറൊരു സമ്പത്തില്ലല്ലോ. ഗൃഹനാഥൻ കേവലം ഒരു കൃഷിക്കാരൻ ആയിരുന്നെങ്കിലും കുട്ടികളെ വളർത്തേണ്ടവിധം അയാളുടെ പത്നിക്കെന്നപോലെ അയാൾക്കും നല്ലതുപോലെ അറിയാമായിരുന്നു. അന്നന്നത്തേക്കു കരുതേണ്ടതായ കൃഷിജോലിയെപ്പോലെതന്നെ പിൽക്കാലത്തെ സുഖദുഃഖങ്ങളെ ബാധിക്കുന്ന സന്താനശുശ്രൂഷയും ആ ദമ്പതിമാർ വളരെ പ്രധാനമായി പരിഗണിച്ചുവന്നു.

നദീതീരത്തിൽ നിവർന്നുകിടന്നിരുന്ന കിടന്നതായ തോട്ടത്തിൽ തെങ്ങു്, കമുകു് മുതലായ വൻകൃഷികൾ ചെയ്യുന്ന

തിൽ രാമനാഥനും, ചെറുമുളക്, വഴുതനം, പാവൽ എന്നിങ്ങനെയുള്ള ചെറുകൃഷികൾ നടത്തുന്നതിൽ മററു മൂന്നുപേരും പ്രത്യേകം ശ്രദ്ധിച്ചിരുന്നു. അഞ്ചുനാഴിക വെളുപ്പിനുതന്നെ എല്ലാവരും ഉണൎന്ന് ഈശ്വരപ്രാൎത്ഥനയ്ക്കുശേഷം സസ്യങ്ങൾക്കു വെള്ളം കോരുക, ഗൃഹം ശുചിയാക്കുക, പാത്രങ്ങൾ കഴുകി വെടിപ്പാക്കുക മുതലായി അവരവർ ഏററിട്ടുള്ള കൃത്യാംശങ്ങൾക്കുവേണ്ടി സമയം ചിലവാക്കുന്നു. ഉദിക്കുന്നതിനുമുൻപു കുളികഴിഞ്ഞാൽപിന്നീട് കുട്ടികൾ രണ്ടും പാഠങ്ങൾ ഉരുവിടുന്നതിനും, വിദ്യാഭ്യാസസംബന്ധമായ മററു ജോലികൾക്കായും പോകുമ്പോൾ ഗൃഹനായിക പാചകത്തിനായും, രാമനാഥൻ ദൂരസ്ഥലങ്ങളിൽ ചെയ്യേണ്ട കൃത്യങ്ങൾക്കായും പിരിയുന്നു പിന്നീടുള്ള ദിവസശിഷ്ടം മുഴുവൻ, കുട്ടികൾക്ക് എഴുത്തും വായനയും മാത്രമാണ്

രാത്രിയിൽ അത്താഴംകഴിഞ്ഞു് കുട്ടികൾ പുരാണകഥകൾ വായിക്കുകയും അച്ഛൻ അൎത്ഥംപറയുകയും ഉപകഥകൾ വിവരിക്കുകയും ചെയ്യുക പതിവാണ്. സത്യം, രാജ്യസ്നേഹം, ഗുരുജനഭക്തി എന്നിങ്ങനെയുള്ള ഉൽകൃഷ്ടഗുണങ്ങൾക്കു മാതൃകകളായി വ്യവഹരിക്കപ്പെട്ടിരിക്കുന്ന സൽകഥാപാത്രങ്ങളുടെ മാഹാത്മ്യത്തെക്കുറിച്ചു ദിനംപ്രതി നവംനവങ്ങളായ കഥകൾ ആ കൃഷീവലൻ കുഞ്ഞുങ്ങൾക്കു പറഞ്ഞുകൊടുത്തുവന്നു. രോഗത്തിനോ അസന്തുഷ്ടിക്കോ ആ ഗൃഹത്തിൽ പ്രവേശനം ലഭിച്ചിരുന്നില്ല നാട്ടുകാർ എല്ലാം രാമനാഥന്റെ ആദരണീയമായ ജീവിതത്തിൽ അവൎക്കു തോന്നുന്ന അഭിനന്ദനത്തെ പലപ്പോഴും പ്രകടിപ്പിച്ചുവന്നു.

വീട്ടിലെ കാൎയ്യങ്ങൾ ഈവിധം ശരിപ്പെടുത്തിക്കഴിഞ്ഞതിനുശേഷം പൊതുവിൽ ഉപയോഗപ്രദമായ ചില സ്ഥാപനങ്ങൾ തന്റെ ഗ്രാമത്തിൽ ഉണ്ടാക്കണമെന്നു രാമനാഥൻ ആഗ്രഹിച്ചു, ആദ്യമായി ഒരു പരസ്പരസഹാ

സംഘം ഏല്പെട്ടത്തി. ആ പ്രദേശത്തിലെ കൃഷിസാധനങ്ങൾ ഒന്നുചേൎത്തു ലാഭകരമായവിധത്തിൽ മററു ചന്തകളിൽ വില്ക്കുന്നതിനും, അവിടെ ആവശ്യമുള്ള സംസ്കൃതസാധനങ്ങൾ മൊത്തവിലയ്ക്കു വാങ്ങി താരതമ്യേന ചുരുങ്ങിയനിരക്കിൽ വിതരണംചെയ്യുന്നതിനും ആ സംഘത്തിനു സാധിച്ചു. ഈ സേവനം മുടങ്ങാതെ നടന്നുവന്നിരുന്നതുകൊണ്ട്, പൊതുകാൎയ്യത്തിനുപയോഗിക്കുവാനായി ഒരു നിക്ഷേപം കരുതിക്കൊള്ളുന്നതിനും ആ ഗ്രാമീണസംഘത്തിനു പ്രയാസം നേരിട്ടില്ല.

ഈ പണം ചിലവാക്കേണ്ടതു് ഒരു ഇംഗ്ലീഷുപള്ളിക്കൂടത്തിനുവേണ്ടിയായിരിക്കണമെന്നു രാമനാഥനും മററു പ്രമതലക്കാരും തീൎച്ചയാക്കി. അചിരേണ വിദ്യാഭ്യാസവകുപ്പിൻ്റെ നിയമങ്ങൾ അനുസരിച്ചുള്ള ഒരു ഇംഗ്ലീഷ് മിഡിൽ സ്കൂളും അവിടെ ഉണ്ടായി. ഈ വിദ്യാലയത്തിൽ ആദ്യമായിച്ചേൎന്ന കുട്ടികളുടെ കൂട്ടത്തിൽ ശാരദയും ഭാസ്കരനും ഉൾപ്പെട്ടിരുന്നു എന്നു വിശേഷിച്ചു പറയേണ്ടതായ ആവശ്യം ഇല്ലല്ലോ.

അതുവരെ ഒരു ഇംഗ്ലീഷ്സ്ക്കൂൾ അവിടെയില്ലാതിരുന്നതിനാൽ, അതിനുമുമ്പു് നാട്ടുഭാഷാഭ്യസനം മാത്രം കഴിച്ചിട്ടുണ്ടായിരുന്ന ബാലികാബാലന്മാരിൽ ഭൂരിപക്ഷവും ഉൽകൃഷ്ട വിദ്യാഭ്യാസത്തിനുദ്യമിക്കാതെ വീടുകളിൽ ഒതുങ്ങി മററു ജോലികളിൽ ഏൎപ്പെട്ടിരുന്നു അന്യദേശങ്ങളിൽ കുട്ടികളെ അയച്ചു പഠിപ്പിക്കുന്നതിനു കഴിവുണ്ടായിരുന്ന നാലഞ്ചു ഗൃഹങ്ങൾ മാത്രമേ ഇതിനു വ്യത്യസ്തങ്ങളായിരുന്നുള്ളു

ഏതാണ്ടൊരു പതിനേഴവയസ്സു പ്രായം വരുന്ന രാമചന്ദ്രൻ എന്ന ബാലൻ, മുൻപറഞ്ഞതുപോലെയുള്ള ചിലവുകൾ താങ്ങുവാൻ നിവൃത്തിയില്ലാതിരുന്ന ഒരു കൃഷിവലകുടുംബത്തിലെ ഏക സന്താനമാണു്. നാട്ടുഭാഷാസ്ക്കൂളിലെ ക്ലാസ്സ്

കളിൽ പഠിക്കുമ്പോൾ വലുതായ ബുദ്ധിപ്രസരം പ്രകടിപ്പി
ച്ചില്ലെന്നിരുന്നാലും, വിദ്യാഭ്യാസത്തിൽ മുന്നോട്ടുപോകണ
മെന്നു് ആ കുട്ടിക്കു വലിയ ആഗ്രഹം ഉണ്ടായിരുന്നു. അച്ഛ
ൻെറ അനാവശ്യച്ചിലവുകൾ തീരെക്കുറയ്ക്കുകയും വീട്ടിലെ
ജീവിതരീതി തീരെ മാററുകയും ചെയ്താൽ തനിക്കു ദൂരദിക്കി
ൽ പഠനം അയയ്ക്കുന്നതിനുള്ള ഭാരം കുറേക്കുറഞ്ഞേക്കുമെന്നു
തോന്നിയ രാമചന്ദ്രൻ ആ ഗ്രാമത്തിലെ പഠിത്തം കഴിഞ്ഞ
തിനുശേഷം വിവരം രക്ഷകനേ അറിയിച്ചതിൽ കഠിനമാ
യ വിസമ്മതം മാത്രമല്ല ചെറുതായ ദേഹദണ്ഡംകൂടിയാണു്
അവിടെ നിന്നുണ്ടായതു്. നിരാശനായ ബാലൻ തൻെറ
ദുർവിധിയെ പഴിച്ചു് നിലം ഉഴുന്നതിനും കാലിമേയ്ക്കുന്നതി
നും തന്നെ നിശ്ചയിച്ചു് ആ വിധത്തിലുള്ള ജീവിതരീതി കൈ
ക്കൊണ്ടിരുന്ന അവസരത്തിൽ ആണു് രാമനാഥൻെറയും മ
ററും ഉത്സാഹംകൊണ്ടു് ഒരു ഇംഗ്ലീഷ് സ്ക്കൂൾ അവിടെ ഉ
ണ്ടായതു്.

രണ്ടുമൂന്നു മദ്ധ്യസ്ഥന്മാരുടെ പരിശ്രമംനിമിത്തം രാമച
ന്ദ്രൻെറ അച്ഛൻ തൻെറ പുത്രനെ ഇംഗ്ലീഷു പഠിപ്പിക്കുന്ന
തിനു് അയയ്ക്കാമെന്നു സമ്മതിച്ചു. ആ ബാലൻ തന്നേ
ക്കാൾ അഞ്ചുവയസ്സു കുറവായ ശാരദയോടും പത്തുവയസ്സുള്ള
ഭാസ്കരനോടും ചേൎന്നു് ഒരേക്ലാസ്സിൽ പഠിത്തം ആരംഭിച്ചു.
രണ്ടുമൂന്നുമാസത്തിനകം ഭാസ്കരൻെറ അനിതരസാധാരണ
മായ ബുദ്ധിശക്തി സഹപാഠികൾക്കും ഗുരുനാഥന്മാൎക്കും
ബോദ്ധ്യമായി. ക്ലാസ്സിൽ ഒന്നാമത്തേസ്ഥാനം അവനും ഒ
ടുവിലത്തേതു് രാമചന്ദ്രനും വിടുകയില്ലെന്നുവന്നു. ഏററ
വും പ്രായം കുറഞ്ഞകുട്ടി ഒന്നാമനായും ഏററവും പ്രായംകൂ
ടിയ താൻ ഒടുവിലത്തെസ്ഥാനക്കാരനായും വന്നതിൽ രാമ
ചന്ദ്രൻ യാതൊരു അസന്തുഷ്ടിയും ഭാവിച്ചില്ല.

വീട്ടിൽവച്ചു പാഠങ്ങൾ പഠിക്കുന്നതിൽ ഇവൎക്കു രണ്ടുപേ
ൎക്കും ലഭിച്ചുവന്ന സൌകൎയ്യങ്ങൾക്കു വലിയ അന്തരം ഉണ്ടാ

യിരുന്നു. വിദ്യാൎത്ഥിജീവിതത്തിൽനിന്നു പിൻവാങ്ങിക്കഴിച്ചകാലങ്ങളിൽ നോക്കിവന്ന വീട്ടുജോലികൾ ഒന്നും രാമചന്ദ്രനെ വിട്ടുപോയിരുന്നില്ല. പ്രായാധിക്യം വന്നുചേൎന്നകാലത്തിൽ തനിക്കു കൂടുതൽ ഉപദ്രവങ്ങളും വീട്ടുചുമതലകളും വലിച്ചുവയ്ക്കുവാൻ നിവൃത്തിയില്ലെന്നും, മകൻ അതൊക്കെ തുടൎന്നു നോക്കിക്കൊള്ളണമെന്നും ഉള്ള വ്യവസ്ഥയിലായിരുന്നു അവന്റെ അച്ഛൻ അവനെ പള്ളിക്കൂടത്തിൽ അയയ്ക്കുവാൻ സമ്മതിച്ചതു്. അതുകൊണ്ടു്, ഈ ദയനീയസ്ഥിതിയെ പരിഹരിച്ചുതരണമെന്നു അവിടെ അപേക്ഷിക്കുന്നതിനു് ആ ബാലനു വാദതടസ്സവും ഉണ്ടായിരുന്നു.

എന്നാൽ പരിഷ്കൃതമാനസനായ രാമനാഥൻ ആ വിധത്തിലല്ലാ സ്വസന്താനങ്ങളെ വളൎത്തിയതു്. പുത്രിക്കു വയസ്സു കൂടുന്തോറും ഗൃഹപരിചരണകൃത്യത്തിൽ അവളെ കൂടുതലായി അയാൾ ഏൎപ്പെടുത്തിയെങ്കിലും പുത്രനെ പുസ്തകങ്ങളുടെ സാഹചൎയ്യത്തിനു ഒന്നോടെ ഒഴിഞ്ഞുവിട്ടിരുന്നു. വെളുപ്പിനുണൎന്നാൽ അല്പം ചില വ്യായാമങ്ങൾ അനുഷ്ഠിക്കണമെന്നല്ലാതെ, തോട്ടത്തിൽ ജോലിചെയ്യുന്നതിനു് ഭാസ്കരനെ അയാൾ അനുവദിച്ചില്ല. ഇപ്രകാരം ഗൃഹത്തിൽ ലഭിച്ച സൌകൎയ്യവും പരിശീലനവും ആ ബാലന്റെ ബുദ്ധിയെ കൂടുതൽ വികസിപ്പിക്കുകയും, പുസ്തകപാരായണംമൂലം സഹപാഠികളേക്കാൾ കൂടുതൽ ജ്ഞാനം സിദ്ധിക്കുന്നതിനു അവനെ ശക്തനാക്കുകയും ചെയ്തു.

ക്ലാസിൽ എല്ലാവിഷയത്തിലും ഒന്നാമനായി നില്ക്കുന്ന ഭാസ്കരന്റെ വിജയരഹസ്യം അന്വേഷിച്ചറിഞ്ഞ രാമചന്ദ്രൻ സ്വപിതാവിനെ ആ കാൎയ്യത്തിൽ ചെറുതായൊന്നുദ്ബോധിക്കുന്നതിനു് രാമനാഥനോടപേക്ഷിച്ചു. ആ മഹാശയൻ ഈ പ്രാൎത്ഥന കേട്ട ഉടൻതന്നെ രാമചന്ദ്രന്റെ ഗൃഹത്തിൽ എത്തി, ഭവനനാഥനോടു് ഇങ്ങനെ പറഞ്ഞു:—

രാമനാഥൻ:—ഞാൻ ഒരു അപേക്ഷയുംകൊണ്ടാണു് വന്നിരിക്കുന്നതു്. ഞാൻ അന്വേഷിച്ചതിൽ നിങ്ങളുടെ മകനു വീട്ടിലെ അസൌകര്യം നിമിത്തം പഠിത്തത്തിൽ നല്ലതുപോലെ ശ്രദ്ധിക്കുവാൻ നിവൃത്തിയില്ലെന്നറിയുന്നു. വിദ്യാലയജീവിതത്തിൽ ഏൎപ്പെട്ടിരിക്കുന്ന കുട്ടികൾക്കു് ആ കാൎയ്യങ്ങൾ ഭംഗിയായി നിൎവഹിക്കുന്നതിനു വേണ്ടതായ സകല സൌകൎയ്യവും ഉണ്ടാക്കിക്കൊടുക്കേണ്ടതു് രക്ഷകൎത്താക്കളായ നമ്മുടെ കടമയാണു്. അതു മനസ്സിലാക്കിയിട്ടുണ്ടോ?

ഭവനനാഥൻ:—ഇതാരുപറഞ്ഞു? അവൻ ഉഴപ്പിക്കൊണ്ടു നടക്കുന്ന ഏഷണികളായിരിക്കും. അവനെവിടെ? ഞാൻ ഒന്നു ചോദിക്കട്ടെ.

രാമ:—രാമചന്ദ്രൻ പറഞ്ഞിട്ടുണ്ടെങ്കിൽതന്നെ അതൊരു കുറ്റമാണോ?

ഭവന:—കുററംതന്നെയാണു്. എനിക്കു് ഈ പ്രാരബ്ധം ഒന്നും കഴിയുകയില്ലെന്നും, ഇവിടുത്തെ ജോലികൂടെ നോക്കിക്കൊള്ളാമെങ്കിൽ മാത്രം പഠിക്കുവാൻ പോയാൽ മതിയെന്നും ഞാൻ നേരത്തെ പറഞ്ഞിട്ടുണ്ടു്. ഇത്രയും പ്രായമാകുന്നതിനു പെട്ടപാടൊക്കെ എനിക്കറിയാം. ഇനി അവരവരുടെ കാൎയ്യം അവരവരാണു നോക്കേണ്ടതു്.

രാമ:—അതു വലിയ തെററിദ്ധാരണയാണു്. നമ്മുടെ കുട്ടികളെ കാലരീതി അനുസരിച്ചു് നന്നാക്കിക്കൊണ്ടുവരേണ്ടതായ ചുമതല നമുക്കുണ്ടു്. ആ ഒരു ചുമതലയേ നമുക്കുള്ളു എന്നുപോലും തീൎച്ചയാക്കാവുന്നതാണു്. അവർ വിദ്യാൎത്ഥികളായിരിക്കുന്നകാലമത്രയും നാം അവരെ യാതൊരുകാൎയ്യത്തിലും ബദ്ധപ്പെടുത്താതെ അതിനുകൂടി കൂടുതൽ ജോലിചെയ്യേണ്ടതാണു്. രാമ

ചന്ദ്രൻ ഏററവും സത്യസ്വഭാവിയായ ഒരു കുട്ടിയാണ്. പഠിക്കണമെന്ന വലിയ ആഗ്രഹവും ഉണ്ട്.

ഭവന:—ഏയ്! നിങ്ങൾക്ക് അവനേപ്പററി ഒന്നും അറിഞ്ഞുകൂടാ. പഠിച്ചാൽ യാതൊന്നും തലയിൽക്കയറാത്ത കോമരമാണവൻ. നിങ്ങളുടെ മകൻ അങ്ങിനെയല്ല. വാദ്ധ്യാന്മാരെല്ലാം പറയുന്നതു്, ഒരിക്കൽ കേട്ടാൽമതി അവനു സകലതും മനസ്സിലാവുകയും ഓർമ്മയിൽ നിൽക്കുകയും ചെയ്യുമെന്നാണ്. ഇവനെ കൂളിന്റെ പുറമേ അയക്കുവാനേ കൊള്ളാവൂ.

രാമ:—അങ്ങിനെ പറയരുതു്, കുട്ടികളിൽ എപ്പോഴും ആത്മവിശ്വാസം ഉദിപ്പിക്കേണ്ടുന്ന കടമ നമുക്കുണ്ട്. എന്റെ മകൻ ക്ലാസ്സിൽ വല്ലതും പഠിച്ചുകൊണ്ടുവരുന്നതു്, ഞാൻ അതിനുവേണ്ടി അവനു വീട്ടിൽ ഉണ്ടാക്കിക്കൊടുത്തിട്ടുള്ള സൌകര്യംകൊണ്ടാണ്. അതിൽ പകുതി സൌകര്യം രാമചന്ദ്രനു കിട്ടിയിരുന്നെങ്കിൽ അവൻ മിടുമിടുക്കനായിപ്പോകുമായിരുന്നു.

രാമനാഥന്റെ ഉപദേശത്തിനു അല്പമേതാണ്ട് ഒരു ഫലം ഉണ്ടായി. കൃതജ്ഞതാസമ്പൂർണ്ണനായ രാമചന്ദ്രൻ, ഈ നന്മചെയ്തതിനു രാമനാഥനേ, വളരെ സ്തുതിച്ചു.

ചുരുക്കിപ്പറയുകയാണെങ്കിൽ, ഈ മൂന്നു കുട്ടികളും ഒരു ക്ലാസ്സിലും തോൽക്കാതെ മിഡിൽസ്കൂൾ മുഴുവൻ കഴിച്ചുകൂട്ടി ഒടുവിലത്തെ പരീക്ഷയുടെ ഫലം അറിഞ്ഞതോടുകൂടി ശാരദയുടെ വിദ്യാലയജീവിതം അവസാനിച്ചു. അതിനിടയിൽ അവൾ വീട്ടിൽവച്ചു വശമാക്കിയിരുന്ന സംസ്കൃതവിദ്യാഭ്യാസവും തയ്യൽ മുതലായ ഗാർഹികവൃത്തികളിലുള്ള പരിചയവും കൊണ്ട്, പിൽക്കാലത്തു ലഭിക്കുന്ന ഒഴിവ

കാലങ്ങൾ കഴിക്കാമെന്നു നിശ്ചയിച്ച്, ഗൃഹത്തിലേക്കു പിൻവാങ്ങി. ഒന്നാമതായി ജയിച്ച ഭാസ്കരനും വളരെത്താണു ജയിച്ച രാമചന്ദ്രനും വിദ്യാഭ്യാസം തുടരണമെങ്കിൽ ദൂരദിക്കിലുള്ള ഹൈസ്കൂളിലേക്കു പോകേണ്ടതായും വന്നുകൂടി.

---

## അദ്ധ്യായം ൨

---

### പട്ടണത്തിലേക്ക്.

തന്റെ പുത്രന്റെ ഹൈസ്കൂൾവിദ്യാഭ്യാസത്തിനുവേണ്ടി ദൂരദേശത്തിൽ അയക്കുന്നതിനു രാമനാഥൻ നേരത്തേ തീർച്ചപ്പെടുത്തിയിരുന്നു. അതിനുള്ള ഒരുക്കങ്ങൾ ക്രമേണ ചെയ്തുകൊണ്ടുവരുകയായിരുന്നു എങ്കിലും ആ സാധുവായ കൃഷീവലനു് ഇതിന്നിടയിൽ ആകസ്മികമായ ചില വിപത്തുകൾ വന്നുചേർന്നു. അത്ഭുതപൂർവ്വമായവിധത്തിൽ ആററുംവെള്ളം പെരുകിയതുനിമിത്തം ഒരുവർഷത്തെ കൃഷിമുഴുവൻ നഷ്ടമായി. അതിന്റെ പരിഹാരത്തിനായി വരമ്പുകളും ചിറകളും ഉണ്ടാക്കുന്നതിനുവേണ്ടി കുറെ പണം കടംവാങ്ങേണ്ടതായി വന്നുകൂടി. നേരത്തേ കരുതിയിരുന്ന ഒരു ചിട്ടി പിടിച്ചപ്പോൾ തന്റെ ഭാര്യക്കു വന്നുചേർന്ന ഒരു രോഗം ആ തുകയിൽ അധികഭാഗവും ഔഷധവ്യാപാരികൾക്കു നൽകി. അനുസ്യൂതങ്ങളായുണ്ടായ ഈ നഷ്ടങ്ങൾകൊണ്ടു് രാമനാഥന്റെ മനസ്സിനുതട്ടിയക്ഷീണം വെളിയിൽ പ്രകാശിച്ച് കുഞ്ഞുങ്ങളുടെ ഉന്മേഷത്തെ നശിപ്പിക്കരുതെന്നു് അയാൾ നല്ലതുപോലെ ശ്രദ്ധിച്ചിരുന്നു.

വിദ്യാലയം തുറക്കുന്നതിനു നാലഞ്ചുദിവസം മുമ്പിൽ മിഡിൽസ്കൂളിലെ പ്രഥമാദ്ധ്യാപകൻ രാമനാഥനോക്കാ

ഞ്ഞാൻവന്നു. അവർതമ്മിൽ ഭാസ്കരനെപ്പററി ഒട്ടധികം സംസാരിച്ചു. ഒടുവിൽ ആ സംഭാഷണം ഇങ്ങനെ അവസാനിച്ചു.

അദ്ധ്യാപകൻ—അതുകൊണ്ടു് ഒരേകാലത്തിൽ നിങ്ങളെ അനുമോദിക്കുകയും നിങ്ങളോടു് അനുശോചിക്കുകയും ചെയ്യേണ്ടതായിരിക്കുന്നു. ഞാൻ ലോകം കുറേ കണ്ടവനാണു്. വിദ്യാർത്ഥിയായും അദ്ധ്യാപകനായും ഇരുന്ന ഈ ദീർഘകാലത്തിനുള്ളിൽ അനേകായിരം കുട്ടികളുടെ ഗതിവൈപരീത്യങ്ങളും കണ്ടറിഞ്ഞിട്ടുണ്ടു്. നിങ്ങളുടെ മകനെപ്പോലെ ഇത്ര സമർത്ഥനും സദ്വൃത്തനുമായ ഒരു ബാലനെ ഞാൻ കണ്ടിട്ടില്ല. ആ കുട്ടിയിൽ തെളിയുന്ന ഭാവിയെ യഥാവിധി പാവനമാക്കുന്നതിനു നിങ്ങൾക്കുള്ള ശേഷിക്കുറവു് എന്നെ വളരെ വ്യസനിപ്പിക്കുന്നുണ്ടു്. ഏതായാലും നാഗപുരം ഹൈസ്കൂളിലെ ഹെഡ്മാസ്റ്റർക്കു ഞാൻ ഇക്കാര്യങ്ങൾ കാണിച്ചു ഒരു കത്തെഴുതുന്നു. ചില്ലറ ധനസഹായം ആ സ്കൂളിൽനിന്നു ഭാസ്കരനു ലഭിക്കാതിരിക്കുകയില്ല. പിന്നീടുള്ളതു് ഏതുവിധമെങ്കിലും നിങ്ങൾ അന്വേഷിച്ചാൽ ആ കുട്ടിക്കു ഹൈസ്കൂൾ കടന്നുപോകാം. അതിനുശേഷം, പ്രയാസങ്ങൾ ഇന്നത്തേക്കാൾ കുറയുമെന്നാണു് എനിക്കു തോന്നുന്നതു.

രാമനാഥൻ—ഞാൻ പിൻവാങ്ങാൻ നിശ്ചയിച്ചിട്ടില്ല. വീട്ടുചിലവു കഴിയുന്നതു ചുരുക്കി, എന്നാലാവുംവിധമെല്ലാം പ്രയത്നിച്ചു പണമുണ്ടാക്കി ഞാൻ എന്റെ മകനെ പഠിപ്പിക്കും. ലോകത്തിൽ ഏററവും നല്ലതായ ഒരു കാര്യത്തിനുവേണ്ടി ചെയ്യുന്ന ഈ അതിശ്രമത്തിൽ സർവ്വശക്തൻ എന്നെ സഹായിക്കാതിരിക്കുകയില്ല.

നാഗപുരത്തേക്കു യാത്രയാകുവാൻ അച്ഛനും മകനും തയ്യാറായി. ആ ഗ്രാമത്തിൽനിന്നു മൂന്നുനാഴികദൂരം നട

ന് പ്രധാനറോഡിൽ എത്തി മോട്ടോർബസ്സിൽ കയറി മുപ്പത്തിരണ്ടിൽപരം നാഴിക സഞ്ചരിച്ചിട്ടാണു ആ പട്ടണത്തിൽ എത്തേണ്ടതു്.

അന്നു വെളുപ്പിനു ആ സാധുകുടുംബത്തിൽ ഒരു കോലാഹലമായിരുന്നു. എല്ലാവരും കുളിച്ചുവന്നിട്ടു കാപ്പി തയ്യാറാക്കി. പിതാവും പുത്രനും കാപ്പികുടിച്ചു. വഴിയിൽ കുഞ്ഞിനു വിശക്കുന്നെങ്കിൽ ഉപയോഗിക്കുവാനായി ഒരു പലഹാരപ്പൊതി അമ്മ കരുതി രാമനാഥനെ ഏല്പിച്ചു. മുണ്ടു മാറിയിട്ടു യാത്രചോദിക്കുവാൻ തന്നോടടുത്ത മകനെ ആലിംഗനംചെയ്തു്, കണ്ണുനീർ തുടച്ചു, ആ സ്ത്രീ ഇപ്രകാരം പറഞ്ഞു:—

“മകനേ! നിന്നെ എപ്പോഴും കണ്ടുകൊണ്ടിരുന്ന എനിക്കു ഈ വേർപാടു വളരെ വ്യസനം ഉണ്ടാക്കുമെന്നു നിനക്കറിയാമല്ലോ. മററുള്ളവരെക്കണ്ടും ഇടപെട്ടും പരിചയമില്ലാത്ത നീ ഒരു വലിയ പട്ടണത്തിലേക്കു പോവുകയാണു്. പഠിത്തക്കാര്യത്തിൽ ഉത്സാഹക്കുറവു നിനക്കു വരുകയില്ല. നമ്മുടെ കഷ്ടസ്ഥിതി നിനക്കറിയാവുന്ന സ്ഥിതിക്കു് നീ ഒരുനേരവും മടിയായിരിക്കുകയോ ചീത്തക്കൂട്ടത്തിൽ ചേർന്നു് ആയുസ്സു പാഴാക്കുകയോ ചെയ്യുകയില്ല എന്നാൽ ഒരുകാര്യത്തിൽ നിന്നെ ഗുണദോഷിക്കുവാനുണ്ടു്. രോഗം പിടിപ്പിക്കുന്ന ഭക്ഷണം കഴിക്കരുതു്. കാപ്പിക്കടകൾ അവിടെ ധാരാളം ഉണ്ടെന്നു കേട്ടിട്ടുണ്ടു്. അവിടെയെങ്ങും കയറരുതു്. താമസിക്കുന്ന സ്ഥലത്തു നിന്നല്ലാതെ ഒന്നും കഴിക്കരുതു. പണമുള്ള കുട്ടികൾ നിന്നെ മററുള്ള ചിലവുകൾക്കു ഉത്സാഹിപ്പിക്കും. അങ്ങനെ കളയുവാൻ നമുക്കു പണമില്ല. വല്ല രോഗവും വരുത്തിവച്ചാൽ ചികിത്സിപ്പിക്കുവാൻ നിവൃത്തിയില്ല. എനിക്കു വന്നുചേർന്ന സുഖക്കേടുകൊണ്ടു നിന്റെ അച്ഛൻ പണമില്ലാതെ വളരെ അലഞ്ഞുപോയതു നീ കണ്ടതല്ലോ. ആഴ്ചയിൽ ഒരെഴുത്തുവീതം അയയ്ക്കണം.

ഞങ്ങളെ മൂന്നുപേരെയും സദാ ഓർമ്മിച്ചുകൊള്ളണം. വേണ്ടാത്ത കാര്യത്തിനു മനസ്സു തിരിയുമ്പോൾ, ഇങ്ങനെ നിനക്കുവേണ്ടി കഷ്ടപ്പെടുന്ന ഞങ്ങളെയും, നിന്നെമാത്രം ഓർത്തുകൊണ്ടിരിക്കുന്ന ഒരു വീടിനേയും നീ ഓർമ്മിക്കണം; അങ്ങിനെ ഓർമ്മിച്ചുകൊണ്ടാൽ നീ നല്ലവഴിയിൽ നിന്നു തിരിയുകയില്ല. കുളി, ഉറക്കം, എണ്ണതേപ്പ് ഇവയൊന്നും മുടക്കരുതു്. ഇനി നിന്റെ ഉയർച്ച കാണ്മാൻ മാത്രമാണു ഞാനും അച്ഛനും ജീവിച്ചിരിക്കുന്നതു്. നിന്നെ സർവ്വേശ്വരൻ സഹായിക്കട്ടെ!"

കൊച്ചു സഹോദരൻ പോകുന്നതിൽ ശാരദയ്ക്കു വലിയ ദുഃഖം തോന്നി അവൾ അവനെ വിളിച്ചുകൊണ്ടുപോയി ഇങ്ങനെ പറഞ്ഞു:—

"ഭാസി! അച്ഛനും അമ്മയും കുഞ്ഞിനോട്ട് പറയരുതെന്നു വിചാരിക്കുന്ന ഒരുകാര്യം നിന്നെ ധരിപ്പിക്കേണ്ട ആവശ്യം എനിക്കുണ്ട്. കുറേനാളായി അച്ഛന്റെ ദേഹം ക്ഷീണിച്ചുവരുന്നതെന്താണെന്ന് കുഞ്ഞിനറിയാമോ? ബുദ്ധിമുട്ടില്ലാതെ നിത്യവൃത്തി കഴിച്ചുകൊണ്ടുപോകുവാൻതന്നെ നമുക്കു നിവൃത്തിയില്ല. അങ്ങിനെയിരിക്കുമ്പോഴാണ് മാസം ഇരുപത്തുരൂപായിൽക്കുറയാതെ കുഞ്ഞിന്റെ ചിലവിനയയ്ക്കേണ്ടതു്. അതിനുള്ളമാർഗ്ഗം എന്തെന്നു രാവും പകലും ആലോചിച്ചാണ് അച്ഛൻ ക്ഷീണിക്കുന്നതു്. കുഞ്ഞിന്റെ ചിലവിനുവേണ്ടി ഞങ്ങൾ ദിനചര്യതന്നെ കുറയ്ക്കുവാൻ തീർച്ചപ്പെടുത്തി. ആ സ്ക്കൂളിൽ നിന്നേക്കാൾ ദരിദ്രനായിട്ട് ഒരു കുട്ടിയുണ്ടാവുകയില്ല. പഠിത്തത്തിൽ നിനക്കുള്ള അതിരററ സാമർത്ഥ്യം കണ്ടാണ് അച്ഛൻ അവിടെ അയയ്ക്കണമെന്ന് ആഗ്രഹിക്കുന്നതു്. അതുകൊണ്ട് ഒരുകാലത്തും കുഞ്ഞു ഇക്കാര്യങ്ങൾ മറക്കരുതു്. ചെറുപ്രായത്തിൽ, കൂട്ടുകാരെക്കാണുമ്പോൾ, കുഞ്ഞുങ്ങൾ ഇതു മറന്നുപോ

കുവാൻ എളുപ്പംഉണ്ട്. എല്ലാക്ലാസ്സിലും ഒന്നാമനായി ജയിച്ച്, സത്സ്വഭാവിയാണെന്ന് എല്ലാവരിലും ബോധംവരുത്തിയാൽ, ഇതൊന്നും ഒരു കഷ്ടതയാകുന്നതല്ല. ഞങ്ങളെ എല്ലാം നല്ലതുപോലെ രക്ഷിക്കുന്നതിനും, നാട്ടിനും നാട്ടാർക്കും പല ഗുണങ്ങളും ചെയ്യുന്നതിനും നിനക്കു കഴിവുണ്ടാകട്ടെ."

ഭാസ്കരൻ അമ്മയേയും സഹോദരിയേയും വണങ്ങി, ഈശ്വരനെ ധ്യാനിച്ച് അച്ഛനോടൊന്നിച്ചു യാത്രയായി. നിലാവിൻെറ മങ്ങിയ വെളിച്ചത്തിൽ ആ രണ്ടു രൂപങ്ങളും ദൂരെ മറയുന്നതുവരെ അമ്മയും മകളും നോക്കിക്കൊണ്ടുനിന്നു. ഒടുവിൽ കണ്ഠം ഇടറി ആ സ്ത്രീ "സർവ്വശക്തനായ ഈശ്വരാ! എൻെറ കുഞ്ഞിനെ നോക്കിക്കൊള്ളണമേ!" എന്നു പ്രാർത്ഥിച്ചിട്ട് തിരിച്ചുവന്ന് കിടക്കയിൽ വീണു. ശാരദ വീട്ടുകാര്യങ്ങൾ നോക്കുന്നതിലും ഏർപ്പെട്ടു.

രാമനാഥനും പുത്രനും ഉച്ചയ്ക്കുമുമ്പേതന്നെ നാഗപ്പട്ടണത്തിൽ എത്തി. അത് കച്ചവടത്തിൽ വളരെ നീട്ടുവന്നുകൊണ്ടിരുന്ന ഒരു നഗരമായിരുന്നു. കടപ്പുറം മുതൽ കിഴക്കോട്ട് മൂന്നുനാഴികനീളത്തിൽ എട്ടു തെരുവുകളോളവും ഉണ്ടായിരുന്നു. വാണിജ്യത്തിൽ വിദഗ്ദ്ധരായ അന്യദേശീയരായിരുന്നു അവിടെ അധികമായി താമസിച്ചുവന്നത്. നഗരവാസികളുടെ പണം അപഹരിക്കുന്നതിനുവേണ്ട നാടകം, സിനിമാ, സർക്കസ്സ് മുതലായ പല വിനോദങ്ങളും ആ ദിക്കിൽ ഉണ്ടായിരുന്നു. നഗരശുചീകരണത്തിൽ ഏർപ്പെട്ടിരിക്കുന്നവർ എത്രതന്നെ ശ്രമിച്ചാലും രോഗാണുക്കളെ മാററിനിറുത്തുവാൻ വഹിയാതിരുന്ന കാപ്പിക്കടകളും ഭോജനശാലകളും തെരുവുകളിൽ പലയിടത്തും സ്ഥലംപിടിച്ചിരുന്നു. ഇതിലെല്ലാം കൂടുതൽ ദോഷകരമായി, ഒരു പട്ടണത്തിൽ കാണാവുന്ന ദുർമ്മാർഗ്ഗികളായ ചെറുപ്പക്കാരുടെ കൂട്ടത്തിനും അവിടെ യാതൊരുകുറവും ഉണ്ടായിരുന്നില്ല.

പുതുതായിവരുന്ന കുട്ടികളെ ചേൎക്കുവാനുള്ള ബഹളമായിരുന്നതുകൊണ്ടു് ഹൈസ്കൂളിൽ പഠിത്തം ആരംഭിച്ചിരുന്നില്ല. ഒരു ഒഴിഞ്ഞഗ്രാമത്തിലെ ചെറിയ പള്ളിക്കൂടവുമായിമാത്രം പരിചയം സമ്പാദിച്ചിരുന്ന ഭാസ്കരനു്, ഉന്നതഗോപുരങ്ങളോടും, വിചിത്രവാതായനങ്ങളോടും, അലംകാരപ്പണികളോടുംകൂടി കാണപ്പെട്ട ആ വിദ്യാലയസൌധവും അനുബന്ധങ്ങളും വലിയ അത്ഭുതംചേൎത്തു. ഉത്സവസ്ഥലങ്ങളിൽമാത്രം കണ്ടിട്ടുള്ള ജനക്കൂട്ടത്തെ അതിശയിക്കുന്ന വിദ്യാൎത്ഥിസംഘം വിലയേറിയ ഉടുപ്പുകളും അണിഞ്ഞു് വണ്ടികളിലും കാൽനടയായും വന്നിറങ്ങുന്നതുകണ്ടു് അവൻ അമ്പരന്നു. ഈ മഹാസമുദ്രത്തിനിടയിൽ താൻ എങ്ങിനെ കഴിച്ചുകൂട്ടുവാൻ പോകുന്നുഎന്നു് അവൻ ഭയപ്പെട്ടു. അച്ഛനോടു കുറേക്കൂടെ അടുത്തുചേൎന്നുനടന്നു് അവൻ ഹെഡ്മാസ്റ്ററുടെ മുറിക്കുവേളയിൽ എത്തി.

ഒരു ശിപായിവശം സൎട്ടിഫിക്കേററും മിഡിൽസ്കൂൾ ഹെഡ്മാസ്റ്ററുടെ കത്തും അകത്തേക്കയച്ചു. കുറേനേരം കാത്തുനിന്നപ്പോൾ ആ ശിപായി അച്ഛനേയും മകനേയും അകത്തേക്കു കൂട്ടിക്കൊണ്ടുപോയി.

ഹെഡ്മാസ്ററർ ഇരിപ്പിടത്തിൽനിന്നെഴുനേററുവന്നു ഭാസ്കരൻെറ രണ്ടു കൈകളുംപിടിച്ചു അവൻെറ മുഖത്തേക്കു ഉററുനോക്കി. നിഷ്കളങ്കമായ സ്വാഭാവകാന്തിയും, അതിനെ വിജയിക്കുന്ന ബുദ്ധിപ്രസരവും, ആരോഗ്യപുഷ്ടിയും ഒന്നു ചേൎന്നു പ്രകാശിച്ചു ആ ബാലവദനം അദ്ദേഹത്തിൽ, മുമ്പുകിട്ടിയ കത്തുവായിച്ചപ്പോൾ തോന്നിയ മതിപ്പിനെ ശതഗുണം വൎദ്ധിപ്പിച്ചു.

ഹെഡ്മാസ്റ്റർ:—കുഞ്ഞേ! നിന്നെപ്പററി നിൻെറ ഗുരുനാഥൻ എല്ലാം എഴുതി അയച്ചിട്ടുണ്ടു്. ഇതുനല്ല ഒരു വിദ്യാൎത്ഥിയെ എൻെറ പള്ളിക്കൂടത്തിനു കിട്ടുന്ന

തിൽ എനിക്കു അത്യന്തം ചാരിതാൎത്ഥ്യം ഉണ്ടു്. നീ എന്റെ വിദ്യാലയത്തിന്നു് വലുതായ ബഹുമാനം സമ്പാദിക്കുമെന്നുള്ളതിന്നു സംശയമില്ല.

ഈ വാക്കുകൾ ശരിയായി ധരിക്കുന്നതിന്നുപോലും നിവൃത്തിയില്ലാത്തവിധത്തിൽ ഭാസ്കരൻ പരിഭ്രമിച്ചുപോയിരുന്നു. അവന്റെ അംഗങ്ങൾ വിറയ്ക്കുന്നുണ്ടായിരുന്നു. എന്നാൽ ഹെഡ്മാസ്റ്ററുടെ പ്രശംസ രാമനാഥന്റെ കണ്ണുകൾ നിറച്ചു.

രാമനാ:—അവിടുത്തെ അനുഗ്രഹംകൊണ്ടു് എന്റെ മകൻ നന്നായിവരട്ടെ.

അദ്ധ്യാപകൻ ഇംഗ്ലീഷിൽ ചില ചോദ്യങ്ങൾ അവനോടുചോദിച്ചു. അതിന്നുള്ള മറുപടികൾകേട്ടു് ഏറ്റവും തൃപ്തനായി അവന്റെ പേർ രജിസ്റ്ററിൽ ചേൎപ്പിച്ചു് അവരെ അയച്ചു.

ഭാസ്കരന്നു താമസിക്കുവാൻ ഒരു വീടു് ഏൎപ്പാടുചെയ്തു്, അവിടത്തെ ആളുകളോടു വേണ്ട ഉപചാരവാക്കുകൾ പറഞ്ഞിട്ടു് രാമനാഥൻ യാത്രക്കു വട്ടംകൂട്ടി. അച്ഛന്റെ വിയോഗത്തിൽ ഭാസ്കരൻ വാവിട്ടു നിലവിളിച്ചു. രാമനാഥൻ അവനെ സാന്ത്വനപ്പെടുത്തിയിട്ടു് ഇങ്ങനെ പറഞ്ഞു:—

"മകനേ! നിനക്കു ഞങ്ങളെ കാണണമെന്നു് ആവശ്യപ്പെടുന്ന ഉടൻ ഇവിടെ വന്നെത്തുവാൻ വാഹനങ്ങൾ സൌകൎയ്യത്തിനുണ്ടു്. അതുതന്നെയുമല്ല, ഞങ്ങൾക്കും നിനക്കും നാട്ടുകാൎക്കും വേണ്ടതായ ഒരു വലിയജോലി നീ ഇവിടെ ചെയ്യുകയാണു്. അതിൽനിന്നു മനസ്സു തിരിക്കുവാൻ നിനക്കു് അധികം സമയം കിട്ടുന്നതല്ല. നീ ഒരിക്കലും കള്ളം പറയുകയോ പ്രവൎത്തിക്കുകയോ അരുതു്. ഒരുനിമി

ഷം പോലും വെറുതേ കളയരുതു്. ചീത്തക്കൂട്ടു സമ്പാദി ക്കരുതു്. ഇപ്പോൾ നിൻെറ വീട്ടിനേപ്പററി തോന്നുന്ന വി ചാരങ്ങൾ ഒക്കെപ്പോയി നഗരജീവിതത്തിൻെറ സ്വാരസ്യ ത്തിൽ നീ മതിമറന്നുപോകും. ഏതു് അവസ്ഥയിലും നി ൻെറ യഥാൎത്ഥസ്ഥിതി മറക്കരുതു്. ഞങ്ങൾ മൂന്നുപേരും നിനക്കുവേണ്ടി ജോലി എടുക്കുകയാണു്. നിന്നെ സൎവ്വശ ക്തൻ രക്ഷിക്കട്ടെ!"

പുത്രനെ ആലിംഗനം ചെയ്തു്, കണ്ണുനീർകൊണ്ടു ക ഴുകപ്പെട്ടിരുന്ന അവൻെറ മുഖത്തിൽ ചുംബിച്ചിട്ടു്, ആ സാധു കൃഷീവലൻ യാത്രയായി. അച്ഛൻപോയ വഴിയും നോക്കി ഭാസ്കരൻ കരഞ്ഞുകൊണ്ടു് അവിടെ നിന്നു.

---

## അദ്ധ്യായം ൫

---

### പ്രവേശനം.

പിറേറദിവസം അതിരാവിലേതന്നെ ഭാസ്കരൻ പ ള്ളിക്കൂടത്തിൽ പോകുവാൻ തയ്യാറായി, അത്ര നേരത്തേ പോകേണ്ടായെന്നു താമസിക്കുന്ന സ്ഥലത്തുള്ളവർ പറഞ്ഞു എങ്കിലും അവനു സമാധാനം വന്നില്ല. സ്കൂളിൽ ചെ ന്നപ്പോൾ ശിപായിമാർ വന്നു പല വാതിലുകളും തുറക്കുക യായിരുന്നു. തുറന്ന മുറികളിൽ കയറുവാൻ ഭയന്നു് അ വൻ വരാന്തയിൽ നിന്നു് റോഡിൽക്കൂടെ പോകുന്ന വണ്ടി കളേയും ആളുകളേയും ഒക്കെ നോക്കി ഒന്നൊന്നരമണിക്കൂർ കഴിച്ചു. അപ്പോൾ "ആരെടെ വെളുപ്പാൻകാലത്തു സ്കൂ ളിൽ കയറി വന്നിരിക്കുന്നതു്?" എന്നൊരു അട്ടഹാസംകേ ട്ടു്, ആകെ ഞെട്ടി, അവൻ തിരിഞ്ഞുനോക്കിയപ്പോൾ

3.MAR 19



ഒരു തടിയൻപയ്യൻ ഒരു സിഗററും വലിച്ചുംകൊണ്ടു് അടുത്തുവരുന്നതായി കണ്ടു.

"ഞാൻ അച്ഛൻെറകൂടെ പഠിക്കുവാൻ വന്നതാണു" എന്നു് ആ ബാലൻ വിറച്ചുകൊണ്ടുപറഞ്ഞു.

"ശരി. അച്ഛനും മകനും ഒന്നിച്ചുതന്നെയൊ പഠിത്തം? ഒരു ക്ലാസ്സിലുമായിരിക്കാം. അല്ലേ മറയാ!"

തൻെറ ഗ്രാമത്തിൽനിന്നു നാഗപുരംപട്ടണത്തിലേക്കു വരുന്ന വഴി, മോട്ടാർവണ്ടിയിൽവച്ചു് ഒരു ചട്ടക്കാരൻ സിഗററു വലിക്കുന്നതേ ആ ബാലൻ കണ്ടിരുന്നുള്ളു. തടിച്ച ഒരു ചെറുപ്പക്കാരൻ വിലയേറിയ തുണിത്തരങ്ങളിൽ ഉള്ള കുപ്പായവുംഇട്ടു് സിഗററും വലിച്ചു് പള്ളിക്കൂടത്തിനകത്തുനിന്നു് ഇറങ്ങിവരുന്നതുകണ്ടു്, ആ മഹാവിദ്യാലയത്തിലെ ഒരു അദ്ധ്യാപകനോ മററുവല്ല അധികാരിയൊ ആയിരിക്കാം അയാൾ എന്നു ഭാസ്കരൻ തീർച്ചയാക്കി അവൻ ഭയന്നു മറുപടിപറയാതെ നിന്നപ്പോൾ സിഗററുകാരൻ അടുത്തുവന്നു് അവൻെറ ഭുജത്തു തട്ടി:—

"നീ ഇത്രനേരത്തെ ഈ സ്കൂളിൽ വരുവാൻ ആരു പറഞ്ഞു? നീ എവിടുത്തുകാരൻ? ഏതു ക്ലാസ്സിൽ പഠിക്കുന്നു?" എന്നു ചോദിച്ചു.

ഭാസ്കരൻ മറുപടിപറഞ്ഞു:—"ഞാൻ നാലാംഫാറത്തിൽ ചേർന്നിരിക്കുന്ന ഒരു കുട്ടിയാണു്. എൻെറ വീടു വിജയപുരത്താണു".

ചെറുപ്പക്കാരൻ:—അപ്പോൾ മലനാടൻ ആണെന്നു ഞാൻ വിചാരിച്ചതു ശരിയായി. ഇത്ര കുഞ്ഞിലെ നിന്നെ ആരാണു് ഈ ഹൈസ്കൂൾക്ലാസ്സിൽ പറഞ്ഞയച്ചതു്?

ഭാസ്ക:—സാർ! എനിക്ക് അറിവില്ല. ഞാൻ പരീക്ഷയിൽ ജയിച്ചു. ചെറുപ്പക്കാരൻ ഒരു സിഗററ് എടുത്തുനീട്ടിയിട്ട്—"ഇതു കത്തിച്ചു പിടിച്ചുകൊള്ളുക. ഇതിന്റെ പകരം വരുന്നേരം ഞാൻ ചോദിക്കും."

ഭാസ്ക—സാർ! എനിക്കിതാവശ്യമില്ല. എനിക്കു പുകവലിക്കണ്ട.

ചെറുപ്പ:—എന്തുപറഞ്ഞു? സിഗററു കുടിക്കാതെ ആരു പറഞ്ഞു ഈ പള്ളിക്കൂടത്തിൽ വരുവാൻ?

ഭാസ്ക:—ആ ചട്ടം എനിക്കറിവില്ല. പുകവലി മുതലായ ദുർഗ്ഗുണങ്ങൾ ഒരിക്കലും അരുതെന്നാണ് സാറന്മാർ എന്നെ പഠിപ്പിച്ചിട്ടുള്ളത്.

ചെറുപ്പ.—അതു് ഇവിടെ സാധിക്കുകയില്ല ഇംഗ്ലീഷുപഠിക്കുന്നവക്ക് ഇതൊരു ആവശ്യമാണ്. അല്ലെങ്കിൽ കേവലം മലനാടനായി കിടക്കേണ്ടിവരും; ഇതാ, ഈ സിഗററു പിടിക്ക്.

ബാലൻ ഭയപ്പെട്ടു. മററവൻ തന്റെ നിർബന്ധം വിടുകയില്ലെന്നു കണ്ടപ്പോൾ, ഭാസ്കരൻ കരഞ്ഞുതുടങ്ങി. ഉടനെ ഒരു ശിപായി അവിടെവന്ന് ചെറുപ്പക്കാരനെ നോക്കി "നിങ്ങൾ ഇന്നലെ നാടകംകണ്ടിട്ട് ജനൽചാടി ഇവിടെക്കിടന്നുറങ്ങുകയായിരുന്നു. അല്ലേ? ഇതു പഠിക്കുന്ന കുട്ടികൾക്കു ചേരുന്നതല്ല. ഞാൻ ഹെഡ്മാസ്റ്ററോടു പറയും. ബഞ്ചുകളുംഒക്കെ നിങ്ങൾ തറയിലിട്ടു വലിച്ചിരിക്കുന്നു. നിങ്ങളുടെ അച്ഛൻ വലിയ പണക്കാരനാണ്. എന്നിട്ടു ഇങ്ങനെ ചീത്തയായിപ്പോയല്ലോ, കഷ്ടം!"

രാമദാസൻ എന്ന പേർ ഫോത്തുഫാറത്തിലെ ഹാജർപുസ്തകത്തിൽ നാലാമത്തെതവണയും ശേഷിപ്പിക്കുന്ന

ആ യുവാവു് ശിപായിക്കു് സമാധാനം നൽകി അവിടെനിന്നു പോയി. കരഞ്ഞുകൊണ്ടുനിന്ന ഭാസ്കരൻ അതാരാണെന്നു് ശിപായിയോടു ചോദിച്ചു. "അതു് ഈ സ്ക്കൂളിലെ ഏറ്റവും ചീത്തയായ ഒരു കുട്ടിയാണു്. അയാൾ ഒരിക്കലും കുട്ടിനു കൊള്ളുന്നതല്ല. നിങ്ങൾ എന്തിനാണു കരയുന്നതു്?"

ഭാസ്ക:—അദ്ദേഹം എന്നെ സിഗററു വലിക്കുവാൻ നിർബ്ബന്ധിച്ചു. എനിക്കതു വശമില്ലെന്നു ഞാൻ പറഞ്ഞു.

ഭാസ്കരൻ ക്ലാസ്സിൽചേൎന്നു് ഒരാഴ്ചയ്ക്കകം ആ കുട്ടിയുടെ ബുദ്ധിസാമൎത്ഥ്യവും, പുസ്തകവായനയിലുള്ള ആസക്തിയും, കൃത്യനിഷ്ഠയും, സൎവ്വോപരി സ്വഭാവഗുണവും അദ്ധ്യാപകന്മാരുടെ പ്രത്യേകശ്രദ്ധയെ ആകൎഷിച്ചു. ഇതിനിടയിൽ നമ്മുടെ പഴയ രാമചന്ദ്രനും ഒരു വിധത്തിൽ രക്ഷകൎത്താവിന്റെ അനുമതി വാങ്ങി ഈ ഹൈസ്ക്കൂളിൽ വന്നുചേൎന്നു. കാഴ്ചയിൽത്തന്നെ ബുദ്ധിശൂന്യനും, പ്രായംകവിഞ്ഞവനും ആയ ആ വിദ്യാൎത്ഥിയേപ്പററി ആരും കാൎയ്യമായിട്ടെണ്ണിയില്ല. രാമചന്ദ്രന്റേയും ഭാസ്കരന്റേയും താമസസ്ഥലങ്ങൾ വളരെ ദൂരത്തിലായിരുന്നതുകൊണ്ടു് അവൎക്കു പള്ളിക്കൂടത്തിൽവച്ചുമാത്രമേ തമ്മിൽ കാണുന്നതിനും സംഭാഷണംചെയ്യുന്നതിനും സൌകൎയ്യം ലഭിച്ചിരുന്നുള്ളു.

ക്ലാസ്സിൽ വളരെ ശ്രദ്ധിച്ചിരുന്നാലും മനസ്സിലാകാത്ത കാൎയ്യങ്ങൾ വെളിയിൽ ഇറങ്ങി ഭാസ്കരനോടു ചോദിച്ചു മനസ്സിലാക്കുന്നതിനു രാമചന്ദ്രൻ ശ്രദ്ധിച്ചുവന്നു. അപ്രകാരമുള്ള സൌകൎയ്യത്തിനു ഭാസ്കരനെ കിട്ടാതെവരുന്ന ദിവസങ്ങളിൽ ആ കുട്ടി അദ്ധ്യാപകന്മാരുടെ പുറകേ നടന്നു് വിഷമഭാഗങ്ങൾ മനസ്സിലാക്കിയിരുന്നു. അചിരേണ ഈ പതിവു് സഹപാഠികൾ അറിയുകയും രാമചന്ദ്രൻ ഒരു സൎവ്വ

ജനോപദ്രവിയും ഒരു കാര്യവും മനസ്സിലാകാത്ത കഴുതയും ആണെന്നു് രാമദാസൻമുതൽപേർ പരിഹസിക്കുകയും ചെയ്തു.

വീട്ടുപാഠങ്ങൾ ചെയ്യുന്നതിൽ ഭാസ്കരൻ കാണിച്ചുവന്ന ശ്രദ്ധ സഹപാഠികളുടെ അന്വേഷണത്തിനു പാത്രമായി. ക്ലാസ്സിൽ അദ്ധ്യാപകൻ വരുന്നതിനുമുമ്പേതന്നെ മടിയന്മാരായ കുട്ടികൾ ഭാസ്കരന്റെ അടുത്തെത്തി വീട്ടുപാഠപുസ്തകംവാങ്ങി പകർത്തിത്തുടങ്ങി. ഒരുദിവസം രാമദാസനും അതുപോലെയുള്ള രണ്ടുമൂന്നു കുട്ടികളുംകൂടി ഭാസ്കരന്റെ പുസ്തകത്തിനു പിടിയായി. അവരുടെ മത്സരം മൂഴത്തപ്പോൾ പുസ്തകം കീറിപ്പോയി. ഇതുകണ്ടു ഭാസ്കരൻ വാവിട്ടു നിലവിളിച്ചു. ധിക്കാരികളും കൃത്യബോധരഹിതരുമായ കുട്ടികൾ തൊണ്ടിസ്സാമാനം നശിപ്പിച്ചാൽ വഴക്കു ശമിക്കുമെന്നും കുറ്റത്തിന്റെ തെളിവു മറയുമെന്നും കരുതി അതെടുത്തു് അടുത്തുള്ള പറമ്പിൽ എറിഞ്ഞു.

അദ്ധ്യാപകൻ വന്നപ്പോൾ ഭാസ്കരനേവിളിച്ചു് വീട്ടുപാഠം കൊണ്ടുവരുവാൻ പറഞ്ഞു. അയാൾ കരച്ചിലോടുകൂടി എഴുന്നേററുനിന്നു. സത്സ്വഭാവിയും കൃത്യനിരതനുമായ ആ കുട്ടിക്കു് ഏതോ അപകടംപിണഞ്ഞെന്നുകണ്ടു് ആർദ്രനായ അദ്ധ്യാപകൻ അയാളെ അടുത്തുവിളിച്ചു കരയുന്നതിനു കാരണം എന്തെന്നും വീട്ടുപാഠപുസ്തകം എവിടെയെന്നും ചോദിച്ചു. അയാൾ ഉത്തരം പറഞ്ഞില്ല- അതിനിടയിൽ രാമദാസൻ താൻ പകർത്തിയെഴുതിയ പുസ്തകവുമായി അദ്ധ്യാപകന്റെ അടുത്തെത്തി. അദ്ദേഹം അതുവാങ്ങി നോക്കുന്നതിനിടയിൽ കാര്യം വെളിയിൽപ്പറഞ്ഞാൽ സംഹരിച്ചേക്കുമെന്നു് ആ മുട്ടാളൻ ഭാസ്കരനെ ആംഗ്യംകാണിച്ചു ധരിപ്പിച്ചു.

സൂക്ഷ്മദൃക്കായ അദ്ധ്യാപകൻ ഈ സംഭവംകണ്ടു. അദ്ദേഹം ഭാസ്കരനോടു ചോദിച്ചു:—

"കുട്ടീ! കുട്ടിയുടെ പുസ്തകം ഇവർ വല്ലവരും എടുത്തു കളഞ്ഞോ? പേടിക്കാതെ നേരുപറയൂ."

ഭാസ്കരൻ ഭയത്തോടുകൂടി രാമദാസന്റെ മുഖത്തുനോക്കി. അയാൾ യാതൊരുവികാരവും പ്രദർശിപ്പിക്കാതെ അവിടെനിന്നു.

അദ്ധ്യാപകൻ:—ഭാസ്കരാ! സത്യം പറയൂ. കുട്ടികൾ നിർഭയം സത്യംപറയുവാൻ ശീലിക്കേണ്ടതു് പാഠശാലയിലാണു്.

ഉടൻതന്നെ ക്ലാസ്സിന്റെ പലഭാഗങ്ങളിൽനിന്നും മൊഴികൾ വന്നുതുടങ്ങി. പരമാർത്ഥം മനസ്സിലാക്കിയ അദ്ധ്യാപകൻ രാമദാസനേയും കൂട്ടരേയും ശിക്ഷിക്കുകയും തന്റെ കയ്യിൽനിന്നു പണംചിലവാക്കി ഒരു നല്ല പുസ്തകം വാങ്ങി ഭാസ്കരനു സമ്മാനിക്കുകയും ചെയ്തു. അതിൽപിന്നിട്ടു് ഈവിധത്തിലുള്ള യാതൊരുപദ്രവവും ഭാസ്കരനു നേരിട്ടില്ല. എന്നുതന്നെയല്ല, അയാളുടെ ഗുണങ്ങൾ സഹപാഠികളിൽ വലിയ സ്നേഹാദരങ്ങൾ ചേർക്കുകയും ചെയ്തു.

---

## അദ്ധ്യായം ൫.

### ആദ്യവർഷം.

അന്നു് ഒരു ഒഴിവുദിവസമായിരുന്നു. ഭാസ്കരൻ നാലുമണിവരെ പുസ്തകപാരായണം നടത്തിയിട്ടു് പന്തുകളിക്കുവാനായിറങ്ങി. അപ്പോൾ അഞ്ചൽശിപായി ഒരു കത്തുകൊണ്ടുകൊടുത്തു. അതു് ഇപ്രകാരമായിരുന്നു:—

"നീ അയച്ച എഴുത്തുകിട്ടി. നല്ലതുപോലെ പഠിക്കുന്നു എന്നുള്ള വിവരം അറിഞ്ഞു സന്തോഷിക്കുന്നു. നീ ഗുരുജനങ്ങളുടെ സന്തതവാത്സല്യത്തിനു പാത്രമായി ഭവിക്കുമെന്നു ഞങ്ങൾക്കു നിശ്ചയം ഉണ്ടു്. മനുഷ്യന്നു് ഓരോകാലത്തിൽ ഓരോന്നാണു് പരമപ്രധാനമായ ജോലി. അതിൽ അനാസ്ഥകാണിക്കുകയോ മററു ജോലികളിൽക്കൂടെ ഏർപ്പെടാമെന്നു ചിന്തിക്കുകയോ ചെയ്താൽ അയാൾക്കു് മേൽഗതി ഉണ്ടാകുന്നതല്ല. വിദ്യാർത്ഥികൾക്കു് വിദ്യാസമ്പാദനമല്ലാതെ മററു യാതൊരുജോലിയുമില്ല. ഇക്കാലത്തെ കുട്ടികൾ ഈ പാഠം ശരിയായി നോക്കുന്നില്ല. ഇന്നു് പല വലിയ കാര്യങ്ങളിലും സമർത്ഥന്മാരും ആദരണീയന്മാരുമായിത്തീർന്നിട്ടുള്ളവർ എല്ലാം അവരുടെ വിദ്യാലയജീവിതത്തിൽ മറെറാന്നിലും ശ്രദ്ധപതിപ്പിക്കാതെ സ്വകൃത്യം നേരാംവണ്ണം അനുഷ്ഠിച്ചിട്ടുള്ളവരാണു്. അന്നു് അവർ വേറെവഴിയിൽക്കൂടെ തിരിഞ്ഞിരുന്നെങ്കിൽ ഇന്നത്തെ ഏററവും ഉൽകൃഷ്ടമായ സ്ഥിതി അവർക്കു ലഭിക്കുകയില്ലായിരുന്നു. വിദ്യാസമ്പത്തിൽ അവർ ഇത്രാളരെ കുബേരന്മാരും ആയിരിക്കുകയില്ലായിരുന്നു. ഓരോന്നിനും ഓരോകാലം ഉണ്ടു്.

പിന്നീടു നോക്കേണ്ടതു് സ്വഭാവസംസ്കരണമാണു്. സത്സ്വഭാവത്തോടു കൂട്ടുചേരാത്ത ജ്ഞാനവും ബുദ്ധിയും ലോകത്തിനും താന്താങ്ങൾക്കും ആപൽക്കരങ്ങളാണു്. ആ പ്രകാരമുള്ള മനുഷ്യൻ പാമരനേയും ബുദ്ധിശൂന്യനേയുംകാൾ നികൃഷ്ടനും ഉപദ്രവകാരിയും ആയിത്തീർന്നുപോകുന്നു. സ്വഭാവമഹിമയല്ലാതെ വേറെ യാതൊന്നിനും ലോകത്തെ ജയിക്കുവാൻ കഴിയുന്നതല്ല. ദുസ്സ്വഭാവിയുടെ കാലടി ഒരിക്കലും മുന്നോട്ടു നീങ്ങുന്നതല്ല. വിദ്യാലയം ഒരു ചെറിയ ലോകമാണു്. അവിടെ സ്വഭാവത്തെ പല അവസ്ഥാന്തരങ്ങളിലും സംസ്കരിക്കുന്നതിനു വഴിയുണ്ടു്. ചെറുപ്പമായതുകൊണ്ടു് നേരല്ലാത്തവഴിയിൽ തിരിയുന്നതിനും ഇതിനേ

ക്കാൾ സൌകര്യപ്രദമായി വേറേ മാർഗ്ഗം ഇല്ല. നല്ലവഴിയിലാണെങ്കിൽ വളരെ നന്നാകും; അല്ലെങ്കിൽ തീരെ ചീത്തയാകും എന്ന രണ്ടു ഭാവഭേദമേ അവിടെയുള്ളു.

മകനേ! ബാല്യത്തിന്ന വലുതായ ചില സൌകര്യങ്ങൾ ഉണ്ടു്. നല്ലതിലേക്കും ചീത്തയിലേക്കും തിരിയുന്നതിന്ന് അവിടെ ഒരേവിധത്തിലുള്ള ശ്രമമേ ആവശ്യം ഉള്ളൂ. ഒരിക്കൽ ഒരുവഴിതിരിഞ്ഞാൽ, പിന്നെ വലുതായപ്രയത്നംകൂടാതെതന്നെ ആ വഴിയിൽക്കൂടെ മുന്നോട്ടുപോകാവുന്നതാണു്. എന്നാൽ ആ പ്രായത്തിൽ നല്ലവഴി അനുസരിക്കാതിരിക്കുകയോ, കൃത്യബോധമില്ലാതെ കണ്ടവഴിയിൽ എല്ലാം മനസ്സു വ്യാപരിപ്പിക്കുകയോ ചെയ്യുന്നതായാൽ ശരിയായ സ്ഥാനത്തിലേക്കു് തിരിഞ്ഞുവരുവാൻ പ്രായം ആകുംതോറും വൈഷമ്യം കൂടിവരുകയാണു് ചെയ്യുന്നതു്. ഇതെപ്പോഴും മനസ്സിൽ കരുതണം.

രണ്ടു രാജപാതകൾ പുറപ്പെടുന്ന സ്ഥലത്താണു നീ ഇപ്പോൾ നിൽക്കുന്നതു്. നല്ല പാതയിൽക്കൂടെയാണു മുന്നോട്ടു പോകുന്നതെങ്കിൽ, പിൽക്കാലത്തിൽ വലിയ ശ്രമം യാതൊന്നും കൂടാതെ, മനോഹരമായ പ്രാപ്യസ്ഥാനത്തിൽ എത്തുകതന്നെ ചെയ്യും. ചീത്തപ്പാതയിൽക്കൂടെയാണു ഗതിയെങ്കിൽ, പ്രായംവളരുംതോറും തിരിച്ചുവന്നു മറേറവഴിയുടെ പ്രാരംഭഭാഗം തേടിപ്പിടിച്ചു് യാത്രപുതുക്കുവാൻ വളരെ ക്ലേശം സഹിക്കേണ്ടിവരുന്നതാണു്. ഒന്നിനേയും പ്രത്യേകമായി നമ്പാതെ ചിലപ്പോൾ ഒരു പാതയും മററു ചിലപ്പോൾ മററതും അംഗീകരിക്കുകയാണെങ്കിൽ മുന്നോട്ടുള്ള ഗതിയെ ഉണ്ടാകുന്നതല്ല. കാലുകൾക്കു് ഉത്സാഹം കൂടുന്ന ചെറുപ്രായം ഇങ്ങനെ വ്യർത്ഥമാക്കി കളഞ്ഞാൽ ക്ഷീണംവളർന്നു പിൽക്കാലത്തിൽ പുരോഗമനം സാദ്ധ്യമല്ലാതെയുംവരുന്നു. ഈ കാര്യം നല്ലതുപോലെ മനസ്സിൽ ധരിക്കണം.

ബാല്യത്തിൻെറ സൌകൎയ്യവും സൌഖ്യവും എത്ര മനോഹരമാണു്! ഇന്നു് എത്ര ഉൽകൃഷ്ടസ്ഥിതിയിൽ ഇരിക്കുന്നവൎക്കും രണ്ടാമതു ബാല്യത്തിലേക്കു തിരിച്ചുവന്നു് കുറവുകൾ പരിഹരിക്കുവാൻ എത്രവലിയ ആഗ്രഹം ഉണ്ടെന്നറിയാമോ? എന്നാൽ ഈശ്വരൻ അപ്രകാരം ഒരു പരിഹരണമാൎഗ്ഗം മനുഷ്യൎക്കു നൽകിയിട്ടില്ല. ബാലികാബാലന്മാരേക്കാൾ ഭാഗ്യംനിറഞ്ഞവർ ലോകത്തിൽ ഇല്ല. ഈ വിലയേറിയ അവസരം വെറുതേ കളയരുതു്.

ആരോഗ്യത്തേപ്പററിയും നീ നല്ലതുപോലെ ശ്രദ്ധിക്കണം. എത്രമാത്രം മഹത്തായ ബുദ്ധിശക്തിയും സ്വഭാവഗുണവും ഉണ്ടെന്നിരുന്നാലും ആരോഗ്യം ഇല്ലെങ്കിൽ. ഒരുവൻെറ ജീവിതംകൊണ്ടു് അവനോ മററുള്ളവൎക്കോ യാതൊരു ഫലവും ഉണ്ടാകുന്നതല്ല. ഇതും ബാല്യകാലത്തിലെ പരിശീലനത്തെ ആശ്രയിച്ചിരിക്കുന്ന ഒരു സമ്പത്താണു്."

ആ കത്തിൽ പിന്നെയും പല കാൎയ്യങ്ങളും എഴുതിയിരുന്നു. ഭാസ്കരൻ വായിച്ചു കണ്ണുനീർ പൊഴിക്കുകയും, തൻെറ ചെറുവീട്ടിനെപ്പററിഓൎത്തു് ആനന്ദം അനുഭവിക്കുകയും ചെയ്തു.

ഒരുദിവസം ഭാസ്കരൻ വയ്യുന്നേരത്തു താമസസ്ഥലത്തേക്കു മടങ്ങിവരുമ്പോൾ, വഴിയരികിലുള്ള ഒരു കാപ്പിക്കടയിൽ രാമദാസനും രണ്ടു സഹപാഠികളും കൂടെയിരുന്നു പലഹാരങ്ങൾ തിന്നുന്നതുകണ്ടു. അവൻ അങ്ങോട്ടുനോക്കിയതക്കംനോക്കി രാമദാസൻ വെളിയിൽ ഇറങ്ങിവന്നു് അവൻെറ കയ്യുപിടിച്ചു. "വരു ഭാസ്കരാ! നമുക്കു കുറച്ചു പലഹാരം കഴിക്കാം" എന്നു ആ കുട്ടി ക്ഷണിച്ചു.

ഭാസ്കരൻ:—കച്ചവടസ്ഥലങ്ങളിൽ നിന്നു വല്ലതും വാങ്ങിക്കഴിക്കുക നല്ലതല്ല. എനിക്കുവേണ്ട.

രാമദാസൻ:—ഇതു് എവിടെനിന്നു് പഠിച്ച ന്യായമാണു്! ഭക്ഷണത്തിനും വിവിധത്വം ആവശ്യം അല്ലേ! എല്ലാ പട്ടണങ്ങളിലേയും പ്രധാനസ്ഥാപനങ്ങൾ കാപ്പിഹോട്ടലുകളാണു്. അവിടെ ആരും കയറിക്കൂടരുതെന്നുവച്ചേച്ചാൽ ഇത്ര അധികം ആളുകൾക്കു എങ്ങിനെ എവിടെ, ആരു ഭക്ഷണസൌകര്യം ഉണ്ടാക്കിക്കൊടുക്കുന്നു! ഇവിടെക്കയറി വല്ലതും ഒന്നു കഴിച്ചുകൊണ്ടുപോകുന്നതിൽ യാതൊരു ദോഷവും വരുവാനില്ല.

ഭാസ്കരൻ:—എന്റെ കയ്യിൽ പണം ഇല്ല.

രാമ:—അതു ശരിയായ സമാധാനമാണു്. അതിനാണു ഒരു സ്നേഹിതൻ ക്ഷണിക്കുന്നതു്. ക്ഷണം സ്വീകരിക്കേണ്ടതു നിങ്ങളുടെ കർത്തവ്യമാണു് നമ്മുടെ സാറന്മാർതന്നെ ഓരോ സ്നേഹിതന്മാരുടെവീട്ടിൽ കാപ്പികുടിക്കുവാൻ പോകുന്നതു കാണുന്നില്ലേ? അതൊക്കെ സമുദായാചാരമാണു. വരൂ.

രാമദാസൻ പറഞ്ഞതു പരമാർത്ഥവും ന്യായവുംആണെന്നു ഭാസ്കരന്നുതോന്നി. ഇതിൽ ദുശ്ശീലത്തിന്റെ യാതൊരു കണികയും ഇല്ലല്ലോ എന്നു് ആ കുട്ടി സമാധാനപ്പെട്ടു. അവൻ സ്നേഹിതന്റെ പുറകേ കാപ്പിക്കടയിലേക്കു കയറി.

അന്നുവയ്യുന്നേരം താമസസ്ഥലത്തുള്ളവർ, എന്താണു ഭാസ്കരൻ ശരിയായി ഉണ്ണാഞ്ഞതെന്നു ചോദിച്ചു. വിരുന്നിന്റെ വിവരം അവൻ പറഞ്ഞു. കാപ്പിക്കടകളിലെങ്ങും കയറി സുഖക്കേടുകൾ ഉണ്ടാക്കിവയ്ക്കരുതെന്നു വൃദ്ധനായ ഗൃഹനാഥൻ ഗുണദോഷിച്ചു. അതു ശരിയാണെന്നു് ആ കുട്ടിക്കു തോന്നി. പിന്നീടു പള്ളിക്കൂടത്തിലേക്കു പോ

കുന്ന വഴിയിൽ കാപ്പിക്കടകളിലേക്കു നോക്കുന്നതുതന്നെയ ല്ലെന്നു അവൻ ഉറച്ചു.

മൂന്നാനാലുദിവസം കഴിഞ്ഞു് അവൻ രാമദാസനാൽ വീണ്ടും ക്ഷണിക്കപ്പെട്ടു. താൻ അതു സ്വീകരിക്കുന്നതല്ലെന്നു ഭാസ്കരൻ ശഠിച്ചു എങ്കിലും, വിട്ടുതിവീട്ടുകാരന്റെ ഉപദേശം വകവയ്ക്കേണ്ടതില്ലെന്നും, അയാൾക്കു ഇംഗ്ലീഷു് അറിയുവാൻ വഹിയെന്നും പുസ്തകങ്ങൾ വായിക്കുന്ന തങ്ങൾക്കാണു കാര്യവിവരമെന്നും രാമദാസൻ സമാധാനം പറഞ്ഞു. ആലോചിച്ചതിൽ ആ കാര്യം വാസ്തവമാണെന്നു ഭാസ്കരനു തോന്നി.

ഇങ്ങിനെ തുടങ്ങിയ കാപ്പികുടി രാമദാസനേയും കൂട്ടരേയും ഭാസ്കരനോടു് അടുപ്പിച്ചു. ക്ലാസ്സിൽ ചെന്നാൽ അവർ ഒരുമിച്ചിരുന്നു ഓരോ നേരംപോക്കുകൾ പറയുക പതിവായി. ചിലപ്പോൾ ഈ കൂട്ടുകെട്ടും ശബ്ദബഹളവും അദ്ധ്യാപകന്റെ ദൃഷ്ടിയിൽതന്നെ പെടുവാൻ ഇടയായിട്ടുണ്ടു്. ഇക്കാര്യത്തിലൊന്നും ചേരാതേയും ആരാലും ക്ഷണിക്കപ്പെടാതേയും ഇരുന്ന രാമചന്ദ്രൻ ഒരു ദിവസം ഭാസ്കരനെ തനിയേ വിളിച്ചു് ഇങ്ങനെ പറഞ്ഞു: —

"ഭാസ്കരാ! ഇതിനുമുമ്പൊക്കെ ക്ലാസ്സിൽ വന്നാൽ പഠിത്തത്തിൽ ശ്രദ്ധയോടുകൂടിയിരിക്കുന്ന നീ, കഥാമാനം വർത്തമാനങ്ങൾ പറഞ്ഞു സമയം കഴിക്കുന്നതു നല്ലതല്ല."

ഈ ഉപദേശം കുറിക്കുകൊണ്ടു. പിന്നീടുള്ള ദിവസങ്ങളിൽ ഭാസ്കരൻ കഴിയുന്നതും കൂട്ടിൽനിന്നു മാറിയും, രാമദാസപ്രഭൃതികളെ പിണക്കാതേയും കഴിച്ചുകൂടി. അവൻ ജാഗ്രതയായിപ്പഠിച്ചു. പരീക്ഷകൾ കഴിഞ്ഞു. പള്ളിക്കൂടം അടയ്ക്കുന്നതിനുമുമ്പിൽതന്നെ ഭാസ്കരനാണു ക്ലാസ്സിൽഒന്നാമതായി ജയിച്ചിരിക്കുന്നതെന്നു എല്ലാവരും അറിഞ്ഞു. രാമചന്ദ്രൻ വളരെ താണു എങ്ങിനെയോ ജയിച്ചു.

അവധിക്കാലത്തിൽ മകനെ തിരിച്ചു കൊണ്ടുപോകാനായി രാമനാഥൻ വന്നു. പുത്രന്റെ ഉൽകൃഷ്ടവിജയം അറിഞ്ഞു ആ സാധു കൃഷീവലൻ വളരെ സന്തോഷിച്ചു. അദ്ധ്യാപകന്മാരെല്ലാം ഭാസ്കരന്റെ സത്സ്വഭാവത്തേയും ബുദ്ധിശക്തിയേയുംപററി താതനോടു പറഞ്ഞു. സംതൃപ്തനായ രാമനാഥൻ ഭാസ്കരനേയും രാമചന്ദ്രനേയുംകൂട്ടി വീട്ടിലേക്കു വന്നു. ശാരദയും അമ്മയും കുഞ്ഞിനു കൊടുക്കുവാനായി തയ്യാറാക്കിവച്ചിരുന്ന പലഹാരങ്ങളിൽ ഒരു പങ്കു രാമചന്ദ്രനും കിട്ടി. ഭാസ്കരന്റെ ഗുണദോഷങ്ങൾ അന്വേഷിക്കുന്നതിനു അവന്റെ സഹപാഠിയായി, പ്രായത്തിൽ മൂത്തിട്ടു രാമചന്ദ്രൻകൂടെ ഉണ്ടെന്നറിഞ്ഞതിൽ ആ കുടുംബാംഗങ്ങൾക്കു വലിയ സന്തോഷം തോന്നി. അവധിക്കാലത്തിൽ രാമചന്ദ്രൻ വീട്ടിൽ വരുന്ന അവസരങ്ങളിലൊക്കെ ശാരദ തന്റെ കൊച്ചുസഹോദരനെക്കുറിച്ചു് ആ ബാലനോടു പറയാറുണ്ടായിരുന്നു.

പള്ളിക്കൂടം തുറന്നു. രാമചന്ദ്രനും ഭാസ്കരനുംകൂടി പട്ടണത്തിലേക്കു തിരിച്ചു. പഴയ താമസസ്ഥലത്തു ഭാസ്കരനെ കൊണ്ടുചെന്നാക്കിയിട്ടു് രാമചന്ദ്രൻ തന്റെ വസതിയിലേക്കു പോയി. വീട്ടിൽനിന്നു പോന്നതിൽ അല്പം ഒരു കുണ്ഠിതം ഭാസ്കരനു തോന്നിയിരുന്നതു പെട്ടെന്നു് അസ്തമിച്ചു. അവൻ പഠിത്തത്തിൽ ശ്രദ്ധയോടുകൂടി ഏർപ്പെട്ടു.

---

## അദ്ധ്യായം ൬.

---

### കൂട്ടുകാർ

ഒരുവർഷംമുമ്പേ അച്ഛന്റെ പുറകിൽ പതുങ്ങി, പട്ടണത്തിലെ കാഴ്ചകൾ കണ്ടു പരിഭ്രമിച്ച ഭാസ്കരനേയല്ല

നാം ഇപ്പോൾ കാണുന്നതു്. നാടകശാലകൾ, മററു കളിസ്ഥലങ്ങൾ, ഹോട്ടലുകൾ, തോട്ടങ്ങൾ മുതലായവ എവിടെയെല്ലാമെന്നും, വിദ്യാൎത്ഥികൾ സാധാരണയായി ഓരോ അവസരത്തിൽ എവിടെയെല്ലാമാണു കാണപ്പെടുന്നതെന്നും അയാൾ അറിഞ്ഞുകഴിഞ്ഞു. കഴിഞ്ഞവൎഷത്തിൽ സ്കൂൾ കെട്ടിടത്തിൽവച്ചു തന്നെ ഭയപ്പെടുത്തിയ രാമദാസനോടും മററും വാഗ്വാദം ചെയ്യും എതിരുപറഞ്ഞും സ്വപക്ഷം ജയിക്കുന്നതിനു കഴിവുള്ള ഒരു ബാലനായിത്തീൎന്നിരിക്കുന്നു. ഹൈസ്കൂളിൽ തനിക്കുള്ള മാന്യതയേക്കുറിച്ചും ഭാസ്കരനു നല്ല ബോധം ഉണ്ടായിരുന്നു. വീട്ടിലെ കഷ്ടതകളേപ്പററി കഴിഞ്ഞ വൎഷത്തിൽ തോന്നിയ കരുതൽ ആ കുട്ടിയിൽനിന്നും മാഞ്ഞും പോയിരിക്കുന്നു.

ഒരുദിവസം അയാൾ പള്ളിക്കൂടംകഴിഞ്ഞു രാമദാസൻ മുതലായവരോടുകൂടി താമസസ്ഥലത്തേക്കു വരുകയായിരുന്നു. അപൂൎവ്വമായിമാത്രം ലഭിക്കുന്ന ക്ലാസുകയററം കിട്ടിയതിൽ രാമദാസനെ കൂട്ടുകാർ അഭിനന്ദിച്ചുകൊണ്ടാണു് അന്നു സവാരിചെയ്തതു്. പഠിക്കാത്ത കുറവേ തനിക്കു് ഉള്ളുവെന്നും, പുസ്തകംവായിക്കുന്നതിനു തുടങ്ങിയാൽ കിഴവൻ രാമചന്ദ്രനെപ്പോലെ ഉരുവിട്ടു കഷ്ടപ്പെടേണ്ടതായ ആവശ്യംഇല്ലെന്നും ഒക്കെ രാമദാസൻ വമ്പു പറഞ്ഞു. ഈ സംഭാഷണം ഒരു കാപ്പിഹോട്ടലിന്റെ മുമ്പിൽ നിലച്ചു. തന്റെ വിജയത്തെ പുരസ്കരിച്ചു് രാമദാസൻ മററുള്ളവൎക്കു കാപ്പി വാങ്ങിക്കൊടുക്കേണ്ടതാണെന്നു് ആ സംഘം വിധിച്ചു. ഈ വ്യവസ്ഥ രൂപീകരിച്ചതിൽ ഭാസ്കരനു പ്രത്യേകം ചുമതലയുണ്ടായിരുന്നു.

അവർ എല്ലാവരുംകൂടി കാപ്പിക്കടയിൽ കയറി. കാപ്പിയും പലഹാരവും കഴിക്കുന്നതിനിടയിലും ആ ബാലന്മാർ ഉച്ചത്തിൽ സംസാരിച്ചു് അവിടെക്കൂടിയിരുന്ന അ

ന്യന്മാരേയും കാപ്പിക്കടക്കാരേയും അസഹ്യപ്പെടുത്തി. അതിൽ ആരോ കുറേക്കൂടെ പതുക്കെ സംസാരിക്കണമെന്നു ഭാസ്കരനോടു പറഞ്ഞു. തന്റെ പ്രാധാന്യത്തിനും കൂട്ടരേക്കൊണ്ടുള്ള ബലത്തിനും ഈ നിർദ്ദേശം അപഹാസകരമായി അയാറം കരുതി. അപേക്ഷകന്റെ ചങ്കിനു തറയ്ക്കുന്നവിധത്തിൽ ആ കുട്ടി മറുപടി പറഞ്ഞു. അതുകേട്ടു ബാലസംഘം ഉറക്കെപ്പൊട്ടിച്ചിരിച്ചു.

"കൊള്ളാം. പുസ്തകം കരളുവാൻതന്നെയല്ല നമ്മുടെ കൊച്ചുസഹോദരന് അറിയാവുന്നതു്" എന്നു ആരോ പ്രശംസിച്ചു.

രാമദാസൻപറഞ്ഞു: ആരു്, ഭാസ്കരനോ? അവൻ വലിയ വീരനാണു്? ഏതുകൂട്ടത്തിലും ചേരും. ഇങ്ങനെയുള്ളവരാണു് ലോകത്തിൽ കേമന്മാരാകുന്നതു്. അല്ലാതെ ഒരു മൂലയ്ക്കിരുന്നു് കടലാസു പലഹാരം ശാപ്പിട്ടുന്നവരല്ല. അവരെക്കൊണ്ടു് അതിനുമാത്രമേ കൊള്ളാവൂ. ഭേഷ് ഭാസ്കരാ!"

ഈ പ്രസ്താവന വളരെ പരമാർത്ഥമാണെന്നു് ഭാസ്കരനുതോന്നി. വിദ്യാലയജീവിതത്തിന്റെ ഒരു പ്രധാന ഗുണം കൂട്ടുചേർന്നു രസിക്കുകയാണെന്നു് ആരോ ആ കുട്ടിയോടു പറഞ്ഞുകൊടുത്തിട്ടുണ്ടായിരുന്നുതാനും. ഓരോരുത്തന്റെ കണക്കായി ആഴ്ചയിൽ ഒരുദിവസംവീതം കാപ്പിസ്സദ്യ കഴിക്കേണ്ടതാണെന്നുള്ള പ്രമേയം ആരോ ആ സദസ്സിൽ ഹാജരാക്കി. അതു സർവ്വസമ്മതപ്രകാരം അംഗീകരിക്കപ്പെട്ടു.

പിന്നത്തെ ആഴ്ച ആരാണു സദ്യകഴിക്കേണ്ടതെന്നുള്ള അന്വേഷണമായി ഭാസ്കരൻ ആണു് ആ കൂട്ടത്തിൽ ഏററവും ബുദ്ധിശക്തിയുള്ള കുട്ടിയെന്നും അതുകൊണ്ടു് അയാറം ആ ഭാരം കയ്യേൽക്കണമെന്നും സംഘം അഭിപ്രായപ്പെട്ടു.

കൂട്ടത്തിൽവച്ചു് പിൻമാററം പ്രദർശിപ്പിക്കുന്നതിനു മടി തോന്നിയ ആ ബാലൻ ഈ നിർദ്ദേശം സ്വീകരിച്ചു.

എന്നാൽ വെറുതേയുള്ള കാര്യങ്ങൾക്കു ചിലവാക്കുന്നതിനായി അയാളുടെ കയ്യിൽ പണം ഇല്ലായിരുന്നു. സ്കൂളിൽ അതുവരെ വന്നിട്ടില്ലാതിരുന്ന ഒരു പുസ്തകം വാങ്ങുവാനായി അയാൾ ഒരുതുക സൂക്ഷിച്ചിരുന്നു. അതുതന്നെ കാപ്പിസ്സദ്യക്കു ചിലവാക്കാം എന്നു് ആ കുട്ടി നിശ്ചയിച്ചു. എല്ലാവരും കാപ്പികുടിച്ചു പിരിഞ്ഞു.

പിറേറദിവസം ആ പുതിയ പുസ്തകം പള്ളിക്കൂടത്തിൽവന്നു. മിക്ക കുട്ടികളും അതു വാങ്ങിച്ചു. ഭാസ്കരൻ വാങ്ങാതെയിരുന്നതുകണ്ടു് അദ്ധ്യാപകൻ ആ കുട്ടിയെ വിളിച്ചു് "പണമില്ലാഞ്ഞിട്ടാണോ ഈ പുസ്തകം വാങ്ങാത്തതു്?" എന്നു ചോദിച്ചു. ഭാസ്കരൻ യാതൊന്നും മറുപടിപറഞ്ഞില്ല. അയാളുടെ ദാരിദ്ര്യത്തെക്കുറിച്ചു് അനുകമ്പയും, നിസ്സീമഗുണഗണങ്ങളെപ്പററി വാത്സല്യവും തോന്നിയിരുന്ന ആ അദ്ധ്യാപകൻ തൻെറ കയ്യിൽനിന്നു പണം എടുത്തു് ആ പുസ്തകം ഭാസ്കരനു വാങ്ങിക്കൊടുത്തു.

ഒരുദിവസത്തെ കാപ്പിസ്സദ്യയ്ക്കുശേഷം രാമദാസൻ ഒരു അഭിപ്രായം സദസ്സിൽ സമർപ്പിച്ചു. വിദേശങ്ങളിൽ പലസ്ഥലത്തും നാടകംകളിച്ചു പ്രസിദ്ധിനേടിയിരുന്ന ഒരു സംഘം ആ പട്ടണത്തിൽ വന്നിട്ടുണ്ടെന്നും കൂട്ടുകാർ എല്ലാവരുംകൂടി നാടകംകാണുവാൻ പോകണമെന്നും ആയിരുന്നു ആ പ്രമേയം. എല്ലാ കുട്ടികളും സമ്മതിച്ചു.

എന്നാൽ ഭാസ്കരനു് ഇതു തീരെ സമ്മതമായില്ല. നാടകംകാണുക മുതലായ വിഹാരങ്ങൾ ഒരു വിദ്യാർത്ഥി വർജ്ജിക്കേണ്ടതാണെന്നും അതുകൊണ്ടു് താൻ അതിനില്ലെന്നും അയാൾ വാദിച്ചു.

രാമദാസൻ:—ഭാസ്കരാ! അവിടെ ചീത്തവാക്കുകൾ ഒന്നും പറയുന്നില്ല. ചീത്തക്കാര്യങ്ങൾ പ്രവൎത്തിക്കുന്നുമില്ല. നാടകംകാണുവാൻ പോകരുതെന്നു പറഞ്ഞിരിക്കുന്നതു് അങ്ങിനെ പണം ചിലവാക്കരുതെന്നുദ്ദേശിച്ചുമാത്രമാണു്. ഇതാ മിസ്റ്റർ ഭാസ്കരനുള്ള ടിക്കറെറുചിലവു് നാം ഹാജരാക്കുന്നു. എന്നാലും അവനേക്കൂടാതെ പോകുവാൻ നമുക്കു സമ്മതംവരുന്നില്ല.

സദസ്സു കൈകൊട്ടി, "ശരി" "ശരി" "ഇങ്ങനെയാണു വേണ്ടതു്" എന്നുംമററുമുള്ള അഭിനന്ദനങ്ങൾ എല്ലാ സ്ഥലത്തിൽനിന്നും പുറപ്പെട്ടു. ഭാസ്കരൻ ശബ്ദിച്ചില്ല. അയാൾ വിചാരിക്കുകയായിരുന്നു. രാമദാസൻ പറഞ്ഞതു വാസ്തവംതന്നെ. ചില കവികൾ എഴുതിയ നാടകങ്ങൾതന്നെ പള്ളിക്കൂടത്തിൽ പഠിക്കുവാനായി വച്ചിട്ടില്ലേ? അപ്പോൾ നാടകംകാണുന്നതിൽ തെററില്ല. പിന്നെ പണത്തിൻെറ കാൎയ്യമാണു്. അതിൽ തനിക്കു ചിലവും ഇല്ല-'

അന്നുരാത്രി അവർ നാടകംകാണുവാൻ പോയി. തിരിച്ചുവരുന്നവഴി എല്ലാവരുംകൂടി പള്ളിക്കൂടത്തിൻെറ വരാന്തയിൽ കിടന്നുറങ്ങി. പിറേറന്നു നേരം കുറേ പുലൎന്നതിനുശേഷമാണു് ഭാസ്കരൻ ഉണൎന്നതു്. നോക്കിയപ്പോൾ കൂട്ടരെല്ലാം പോയിക്കഴിഞ്ഞിരിക്കുന്നു. അയാൾ ഉരുണ്ടുപിരണ്ടെഴുന്നേററു് മുഖംതുടച്ചിട്ടു് പറമ്പിൽ ഇറങ്ങിനടന്നു.

പള്ളിക്കൂടത്തിൽ വരുന്നതിനു സമയം അതിക്രമിക്കുമെന്നും അദ്ധ്യാപകൻെറ ചോദ്യം ഉണ്ടാകുമെന്നും ഭയന്നു ഭാസ്കരൻ അന്നു താമസസ്ഥലത്തിൽതന്നെ കിടന്നു. തലേരാത്രിയിൽ എവിടെ ആയിരുന്നു എന്നു് ആ വീട്ടുകാർ ചോദിച്ചു. പള്ളിക്കൂടത്തിൽ കുട്ടികളുടെവകയായി ഒരു നാടകം ഉണ്ടായിരുന്നെന്നും, അതു സംബന്ധിച്ചു് ആ ദിവസ

അവധിയാണെന്നും ആ ബാലൻ ജീവിതത്തിൽ ആദ്യമായി കള്ളംപറഞ്ഞു.

ഇത്രയും പറഞ്ഞുകഴിഞ്ഞതിനുശേഷം ഭാസ്കരൻ വളരെ വ്യസനിച്ചു. താൻ ഏതോ ഒരു മഹാപരാധം പ്രവത്തിച്ചു എന്ന ശംക അവനെ വല്ലാതാക്കി. എന്നാൽ ആ സമാധാനത്തിനുശേഷം തന്നെ ഉപദ്രവിക്കുന്നതായ യാതൊരു ചോദ്യവും വീട്ടുകാരിൽനിന്നുണ്ടാകാഞ്ഞതിൽ അവൻ സന്തോഷിച്ചു. പിറേറദിവസം അദ്ധ്യാപകനോടും ഈ തന്ത്രംതന്നെ പ്രയോഗിക്കാമെന്നു അവൻ നിശ്ചയിച്ചു. തലവേദനയായിരുന്നതുകൊണ്ടാണ് ആ ദിവസം പള്ളിക്കൂടത്തിൽ ചെല്ലാഞ്ഞതെന്നുള്ള സമാധാനം ഭാസ്കരനേപ്പററി നല്ലതുപോലെ അറിയാവുന്ന അദ്ധ്യാപകൻ ഉടനടി അംഗീകരിച്ചു.

അന്നു വയ്യുന്നേരം ശാരദയിൽനിന്ന് അവനു് ഒരെഴുത്തുകിട്ടി. പല വിശേഷങ്ങളും എഴുതിയിട്ടു് ഒടുവിൽ ഇപ്രകാരം ചേത്തിരുന്നു:—

"കൊച്ചുസഹോദരാ! അച്ഛൻ നിൻെറ പഠിത്തച്ചിലവിനുവേണ്ടി ദേഹംനോക്കാതെ ജോലിചെയ്യുന്നു. രാത്രിയിൽ ഉറക്കംതന്നേയില്ല. നമ്മുടെ കൃഷിതന്നെ മതിയാവുകയില്ല എന്നുകരുതി അദ്ദേഹം മററുള്ളവരുടെ കൂലിക്കാരൻ എന്നമട്ടിൽത്തന്നെ ജോലിചെയ്യുന്നുണ്ടു്. എൻെറ് അനുജൻ ഇതു നല്ലതുപോലെ ഓക്കണമെ."

ഭാസ്കരൻെറ കണ്ണുകൾ നിറഞ്ഞു എന്നാൽ അച്ഛൻെറപണം വൃഥാ ചിലവാകുന്നതായി താൻ യാതൊന്നും ചെയ്യുന്നില്ലല്ലോ എന്നു് ആ ബാലൻ ആശ്വസിച്ചു. എന്തായാലും കാപ്പികുടിസ്ഥലത്തിൽനിന്നു് പിൻമാറണമെ

ന്ന് അവൻ തീർച്ചപ്പെടുത്തി. അക്കാര്യം അന്നു വയ്യന്നേരം രാമദാസനെ അറിയിച്ചപ്പോൾ അവൻ ഇങ്ങനെ ആക്ഷേപിച്ചു.

"കൊള്ളാം. നീ ഒരു ശുദ്ധ പാവമാണു ഭാസ്കരാ! നിന്റെകയ്യിൽനിന്ന് പണം ചിലവാക്കി എല്ലാവൎക്കും കാപ്പി കൊടുത്തിട്ട് ഇനി അതു വേണ്ടെന്നു പറയുകയാണോ? ഇങ്ങനെ കണ്ടമാനം പണം ചിലവാക്കുവാൻ നീ വലിയ കുബേരനോ?"

ഇതു വാസ്തവമായി ഭാസ്കരനു തോന്നി. അതുകൊണ്ട് ഒരു സദ്യവലയംകഴിഞ്ഞിട്ട് പിൻമാറാം എന്ന് അവൻ നിശ്ചയിച്ചു.

---

## അദ്ധ്യായം ൯.

---

### താഴത്തേക്ക്.

രാമദാസന്റെ നേതൃത്വത്തിൽ ആരംഭിച്ച ഈ ചെറുസംഘം പിന്നിട്ടു പ്രവേശിച്ചതു് ചീട്ടുകളിയിലേക്കായിരുന്നു ഭാസ്കരന് ചീട്ടിന്റെ ഇനമോ തരമോ ഒന്നും അറിവുണ്ടായിരുന്നില്ല. തനിക്കതിൽ തീരെ രസം ഇല്ലെന്നും, ആ കളി അറിയാമെങ്കിൽതന്നെ പാഠങ്ങളും പന്തുകളിയും ഉപേക്ഷിച്ച് ഈ ദുർവൃത്തിക്കു തുനിയുന്നതു് പാപകരമാണെന്നും ഭാസ്കരൻ തട്ടിത്തുപറഞ്ഞു. രാമദാസന് ഇതിനും സമാധാനം പറയുവാനുണ്ടായിരുന്നു.

"ചീട്ടു കടലാസ്സാണു്. അതു് കൈകൊണ്ട് തൊട്ടുപോയാൽ ആപത്തൊന്നും വരുവാനില്ല. എപ്പോഴും ക

ണക്കും ഭൂമിശാസ്ത്രവും പഠിച്ചുകൊണ്ടിരിക്കുക നന്നല്ലെന്നും മനസ്സിന്നു് ഉന്മേഷം ഉണ്ടാകത്തക്ക കളികളിൽ ഏർപ്പെടേണ്ട താണെന്നും സാർ പറയുന്നതാണു്. പന്തുകളിയിൽ ബുദ്ധി കൊണ്ടൊന്നും ആലോചിക്കുവാനില്ല. ഭാസ്കരനു് അക്കാര്യം മനസ്സിലാകുന്നുവോ? നാം എത്രപഠിച്ചു മുമ്പോട്ടുപോയാലും ആലോചനാശക്തി ഉണ്ടെങ്കിൽമാത്രമേ നമുക്കു് കേമന്മാരാകുവാൻ സാധിക്കുകയുള്ളു. അതുകൊണ്ടു് മനസ്സിനു് ഉത്സാഹവും ബുദ്ധിക്കു് ജോലിയുംതരുന്ന ചീട്ടുകളി ഏററവും ആവശ്യമാണു്. നാം ഇന്നേന്നും കളിക്കുവാൻ നിശ്ചയിച്ചിട്ടുമില്ല. കൂട്ടുകാർകൂടി, ഒന്നു വെടിപറഞ്ഞു, അരമണിക്കൂർ കളിച്ചു, പിരിഞ്ഞു. ഇതിലെന്താണു കുററം? ഭാസ്കരനു് നല്ല ബുദ്ധിസാമർത്ഥ്യം ഉള്ളതുകൊണ്ടു് കാൽ മണിക്കൂറിനകം ഇതു പഠിക്കാവുന്നതാണു്. വേണമെങ്കിൽ നിങ്ങൾ കണ്ടുകൊള്ളണം. വരൂഭാസ്കരാ! നമുക്കു് ഇതു പഠിക്കാം."

ഭാസ്കരൻ സമ്മതിച്ചു. അന്നുതന്നെ അയാൾ വിരുതനായിത്തീർന്നു പന്തുകളിസ്ഥലത്തിൽനിന്നു നേരത്തേ പുറപ്പെട്ടു് ചീട്ടുകളിസ്സംഘത്തിൽ ചേർന്നുതുടങ്ങി. രാത്രി ഏഴുമണിവരെ അവിടെയിരുന്നിട്ടു് വീട്ടിലേക്കു പോവുക ഭാസ്കരന്റെ ഒരു പതിവായിത്തീർന്നു താമസിച്ചുചെല്ലുന്നതിനു് വല്ല കള്ളക്കാരണവും കണ്ടുപിടിക്കേണ്ടതായ ആവശ്യം വന്നപ്പോൾ, പള്ളിക്കൂടത്തിൽ ദിവസവും വിദ്യാർത്ഥിസംഘമുണ്ടെന്നുംമററും പ്രസ്താവിക്കുന്നതിനു് ആ കുട്ടി മടിച്ചില്ല.

ഒരു ഒഴിവുദിവസം രാമചന്ദ്രൻ ഭാസ്കരനെക്കാണുവാനായി അയാളുടെ താമസസ്ഥലത്തേക്കു പുറപ്പെട്ടു. വഴിയരികിലുള്ള ഒരു സതീർത്ഥ്യന്റെ വീട്ടിൽ ഭാസ്കരൻ ഉണ്ടെന്നറിഞ്ഞു് അവിടെച്ചെന്നപ്പോൾ ഏററവും സന്താപകരമായ ഒരു കാഴ്ചയാണു രാമചന്ദ്രൻ കണ്ടതു. തെരുവുപിള്ളരും തോററുകിടക്കുന്ന കുറെ വിദ്യാർത്ഥികളും ഒരുമിച്ചിരു

ന്നു ഭാസ്കരൻ ചീട്ടുകളിക്കുന്നു. രാമചന്ദ്രനെ കണ്ടു ഉടൻ ഭാസ്കരൻ ലജ്ജിച്ചെഴുന്നേററു് അയാളേയുംപിടിച്ചുകൊണ്ടു വെളിയിലേക്കിറങ്ങിപ്പോയി.

രാമദാസനു് ഇതു തീരെ രസിച്ചില്ല. രാമചന്ദ്രന്റെ ശാന്തഭാവവും പ്രായാധിക്യവുംകൊണ്ടു് അയാളെ "അമ്മാച്ചൻ", എന്നു് രാമദാസപ്രഭൃതികൾ ആക്ഷേപമായി വിളിക്കാറുണ്ടു്. "ഭാസ്കരാ! ആ കിഴവനമ്മാച്ചൻ രസംകൊല്ലിയാണു്. അയാളുടെകൂടെ ഇറങ്ങിപ്പോകരുതേ" എന്നു രാമദാസൻ വിളിച്ചുപറഞ്ഞു. ഇതിനിടയിൽ ഭാസ്കരൻ ഒഴിഞ്ഞ സ്ഥാനത്തിൽ കയറുവാൻ മറെറാരുവനുണ്ടായിരുന്നതിനാലും, രാമദാസനു് കളിയിൽ വാശികേറിയിരുന്നതുകൊണ്ടും, ഭാസ്കരന്റെയും രാമചന്ദ്രന്റെയും പുറകേ പോകുന്നതിനു് ആ കുട്ടി ഉത്സാഹിച്ചില്ല.

രാമചന്ദ്രൻ വെളിയിൽ ഇറങ്ങി ഭാസ്കരനെ വളരെ ഗുണദോഷിച്ചു. വീട്ടിലെ സ്ഥിതികളും, മാതാപിതാക്കന്മാരുടെ കഷ്ടതകളും, വിദ്യാർത്ഥികളുടെ ധർമ്മവും എല്ലാം ആ പ്രസംഗത്തിൽ കലന്നിരുന്നു. താൻ ഒരിക്കലും ചീട്ടുകളിയിൽ ഏർപ്പെടുകയില്ലെന്നു് ഏററുപറഞ്ഞു് ഭാസ്കരൻ രാമചന്ദ്രനെ സമാധാനപ്പെടുത്തി അയച്ചിട്ടു താമസസ്ഥലത്തേക്കു മടങ്ങി.

പിന്നീടു രണ്ടുമൂന്നുദിവസം രാമദാസനെ കാണാതെ തന്നെ ഭാസ്കരൻ കഴിച്ചുകൂട്ടി. പാഠങ്ങൾ പഠിക്കുന്നതിൽ പൂർവാധികം ശ്രദ്ധപതിപ്പിക്കുകയും, പന്തുകളി കഴിയുന്ന ഉടൻതന്നെ താമസസ്ഥലത്തേക്കു മടങ്ങുകയും ചെയ്തുവന്നു. തന്റെ ജീവിതത്തിൽ ഒരിക്കലും ചീത്തക്കൂട്ടിൽ പെടുകയില്ലെന്നു് ഉറച്ചിട്ടു് ചെയ്തുപോയ കുററങ്ങൾക്കു സർവേശ്വരനോടും മാതാപിതാക്കന്മാരോടും ജ്യേഷ്ഠസഹോദരിയോടും മനസാ ക്ഷമാപണംചെയ്തു.

ഒരാഴ്ച കഴിയുന്നതിനുമുമ്പേ ഈ നിശ്ചയങ്ങൾ ദ്രവിച്ചു. ഭാസ്കരൻ പള്ളിക്കൂടത്തിൽനിന്നു വീട്ടിലേക്കു പോകുന്നവഴിയിൽ ഉള്ള ഒരു കാപ്പിക്കടയിൽ രാമദാസനും കൂട്ടരും ഇരിക്കുന്നുണ്ടായിരുന്നു. അവർ ഭാസ്കരനേക്കണ്ടു് അകത്തേക്കു ചെല്ലുവാൻ ക്ഷണിച്ചു. ആ കുട്ടി അതു വകവച്ചില്ല. അവർ വീണ്ടും ഉച്ചത്തിൽ വിളിച്ചുപറഞ്ഞു. സതീർത്ഥ്യരോടു മര്യാദകേടു കാണിക്കുന്നതു് സ്വധർമ്മത്തിനു് അനുയോജ്യമല്ലെന്നുള്ള ചിന്ത ഭാസ്കരന്റെ ഗതി മന്ദീഭവിപ്പിച്ചു. ഈ ക്ഷീണംകണ്ടു രാമദാസൻ ധൈര്യപ്പെട്ടു് റോഡിൽ ഇറങ്ങി ആ കുട്ടിയെ പിടികൂടി "വരു ഭാസ്കരാ! ഒരുകപ്പു കാപ്പി കുടിച്ചിട്ടു പോകൂ" എന്നുപറഞ്ഞു് അകത്തേക്കു കൊണ്ടുപോയി. തീർച്ചയായും, അപ്പോഴും ആ കൂട്ടത്തിൽ ചേരുന്നതിനു ഭാസ്കരൻ നിരസിച്ചിരുന്നുവെങ്കിൽ അയാളുടെ ജീവിതഗതിതന്നെ മാറിപ്പോകുമായിരുന്നു. ആ ചെറുബാലന്റെ ഭാവി മുഴുവൻ ആ ഒരൊററനിമിഷത്തിലാണു തങ്ങിനിന്നതു്. കഷ്ടം! അവന്റെ ക്ഷീണബുദ്ധി അവനെ വൻകുഴിയിലേക്കു വീഴ്ത്തി.

അന്നു കാപ്പികുടിതന്നെയല്ല, അടുത്തുള്ള ഒരു വീട്ടിൽ ചെന്നു ചീട്ടുകളിയുംനടത്തി; പിന്നെ രണ്ടുമൂന്നുദിവസത്തേക്കു പൊടിപൊടിച്ച കളിയായിരുന്നു. ആയിടയിൽ ഒരു ദിവസം വയ്യുന്നേരം രാമചന്ദ്രൻ ഭാസ്കരനെത്തേടി താമസസ്ഥലത്തുചെന്നു. "നിങ്ങളുടെ പള്ളിക്കൂടത്തിൽ എന്നും ഈ രാത്രിയാകുന്നതുവരെ സംഘമെന്താണു്?" എന്നു് ഗൃഹാധിപൻ രാമചന്ദ്രനോടു ചോദിച്ചു. "ഈ ആണ്ടിൽ ഇതുവരെ സംഘം ഉണ്ടായിട്ടില്ല" എന്നു് ആ പാവം കാര്യമറിയാതെ, മറുപടിപറഞ്ഞു.

ഗൃഹാ:—പിന്നെ എവിടെയാണു ഭാസ്കരൻ പോയിരിക്കുന്നതു്? എന്നും സംഘം ഉണ്ടെന്നാണല്ലോ ആ കുട്ടി ഞങ്ങളോടു പറഞ്ഞതു്.

രാമ:- എന്തോ എനിക്കു നിശ്ചയമില്ല

ഈ സംഭവം രാമചന്ദ്രനെ വളരെ വ്യസനിപ്പിച്ചു. ഭാസ്കരന്റെ കള്ളത്തരം വെളിപ്പെടുന്നതിനു താൻ കാരണക്കാരനായല്ലൊ എന്ന വിഷാദത്തിൽ ആ കുട്ടി വീട്ടിലേക്കു മടങ്ങി. ഭാസ്കരനും കൂട്ടരുംകൂടി രാത്രി കുറേ അധികം ആ കുന്നത്തുവരെ ചീട്ടുകളിച്ചിട്ട് താമസസ്ഥലത്തു ചെന്നു. ഗൃഹാധിപൻ വളരെ പരുഷമായി ഭാസ്കരനെ ഗുണദോഷിക്കുകയും വിവരം അവന്റെ അച്ഛനെ അറിയിക്കുമെന്നു ഭയപ്പെടുത്തുകയും ചെയ്തു. ഇതുകേട്ടപ്പോൾ രാമദാസൻ ഭാസ്കരന്റെ ചെവിയിൽ ഇപ്രകാരം മന്ത്രിച്ചു:—

"ആട്ടെ, ഇതിനു നമുക്കു പകവീട്ടിക്കൊള്ളാം. നീ മിടുക്കനായിരിക്കുന്നതുകൊണ്ട് രാമചന്ദ്രനു കണ്ണുകടിയുള്ള കാര്യം ഞാൻ ഇതുവരെ വെളിയിൽ പറയാതെയിരിക്കുകയായിരുന്നു. നിങ്ങൾ ഒരുദിക്കിൽനിന്നു വന്നവരെത്തമ്മിൽ പിണക്കേണ്ട എന്നു ഞാൻ വിചാരിച്ചു."

ഭാസ്കരൻ:—"അയാൾ ദുഷ്ടനാണ്. അയാളെ ആർക്കും കണ്ടുകൂടാ, എന്നോ നിങ്ങൾക്കെല്ലാം സ്നേഹമാണ്. അതുകൊണ്ട് എന്നോട്ട് അയാൾക്ക് അസൂയയുണ്ട്."

രാമദാസൻ:—"ഞങ്ങൾ അതിനുപകരം ചോദിച്ചുകൊള്ളാം. കിഴവൻ രാമചന്ദ്രനെ ഈ ദിക്കിൽനിന്നുതന്നെ ഓടിച്ചേക്കാം."

അന്ന് ഇക്കൂട്ടർ നേരത്തേ പള്ളിക്കൂടത്തിൽപോയി. രാമചന്ദ്രൻ വന്ന ഉടൻതന്നെ ഭാസ്കരൻ അവനെ കഠിനമായി ഭത്സിച്ചു. മററുള്ളവർ കൂക്കുവിളിച്ചു. ചിലർ വസ്ത്രങ്ങളിൽ പിടികൂടി. ഒരുകൂട്ടർ ചാക്കുകട്ടയെടുത്തു മുഖത്തു കോലംവരച്ചു. രാമചന്ദ്രൻ ഇതെല്ലാം സഹിച്ചു.

അന്നു് ഭാസ്കരനു് അച്ഛൻെറ ഒരു കത്തുകിട്ടി. അതിൽ ഇപ്രകാരം എഴുതിയിരിക്കുന്നു:—

"മകനേ! നിനക്കു് കാൎയ്യം അറിയാവുന്ന പ്രായം വന്നിരിക്കുന്നതുകൊണ്ടു് ഒരു സംഗതി നിന്നെ ധരിപ്പിക്കുവാനുണ്ടു്. ഇതുവരെ നീ അറിയരുതു് എന്നു ഞാൻ വിചാരിച്ചിരുന്നു. നാം ധനികരല്ല. നമുക്കു് നിത്യവൃത്തി കഴിക്കുവാൻപോലും നിവൃത്തിയില്ല. അക്കാൎയ്യം സദാ ഓൎമ്മിച്ചുവേണം നീ പഠിക്കേണ്ടതു്. അത്യാവശ്യമുള്ള പണച്ചിലവു ഞാൻ ഏതുവിധമെങ്കിലും നിവൎത്തിച്ചുകൊള്ളാം. എന്നാൽ കൂട്ടുകാരുമായിച്ചേൎന്നു വരുത്തിക്കൂട്ടുന്ന ചിലവുകൾ താങ്ങുന്നതിനു് എനിക്കു ശക്തിയില്ല. നീ നല്ലകുഞ്ഞാണു്. രാമചന്ദ്രൻ നിന്നെപ്പററി വളരെ സ്തുതിച്ചു എഴുതിയിരിക്കുന്നു. ആ കത്തു കണ്ടപ്പോൾ എൻെറ കണ്ണുകൾ ആനന്ദബാഷ്പങ്ങളാൽ നിറഞ്ഞു. മകനേ! ഈശ്വരവിശ്വാസത്തോടും ഗുരുഭക്തിയോടുംകൂടി പഠിച്ചു് സത്സ്വഭാവം വളൎത്തി ഞങ്ങളുടെ ജന്മോദ്ദേശം പൂൎത്തിക്കുക."

വീട്ടിൽനിന്നു വരുന്ന കത്തുകൾ വായിക്കുമ്പോൾ എല്ലാത്തവണയും തോന്നുന്ന സങ്കടം അവനുണ്ടായില്ല. അതുതന്നെയുമല്ല, ചീട്ടുകളിയിൽ തോററവകയ്ക്കും, കാപ്പികൊടുക്കാമെന്നേററവകയ്ക്കുമായി കുറേ പണം അവനു് ആവശ്യവുമായിരുന്നു. ഈ എഴുത്തിനു മറുപടിയായി, ഒരു പുതിയ പുസ്തകംവാങ്ങുന്നതിനു് അഞ്ചുരൂപാ ആവശ്യം ഉണ്ടെന്നും അതു് ഉടൻ അയയ്ക്കണമെന്നും അവൻ എഴുതി അയച്ചു.

ഈ കത്തു ചെന്നദിവസം ആഹാരത്തിനുതന്നെ വീട്ടിൽ ബുദ്ധിമുട്ടിയിരിക്കുകയായിരുന്നു. രാമനാഥൻ വളരെ വ്യസനിച്ചു. അയാൾ അഞ്ചുരൂപാ കടംവാങ്ങുവാനായി പലസ്ഥലത്തും ഓടി. അന്നുമുഴുവൻ അയാൾ കഞ്ഞിവെ

ള്ളംപോലും കുടിക്കാതെ അലഞ്ഞു. ഒരുവിധത്തിൽ, കൂടിയ പലിശകൊടുക്കാമെന്നുള്ള കരാറിന്മേൽ, അയാൾ രൂപ വാങ്ങി മകനു് അയച്ചു.

ആ പണം ചെന്നദിവസം രാമദാസൻകൂട്ടൎക്കു് ഓണമായിരുന്നു. ധാരാളം പലഹാരം കഴിച്ചപ്പോൾ കൂട്ടുകാർ സിഗററ് വാങ്ങി, ഭാസ്കരെക്കൂടി ക്ഷണിച്ചു അതുപയോഗിച്ചാൽ ചുമയ്ക്കുകയും തലകറങ്ങുകയും ചെയ്യുമെന്നു് ആ കുട്ടി തടുത്തുപറഞ്ഞു. "സാരമില്ലാ. ഒന്നു പരിക്ഷിച്ചു നോക്കൂ. ശരിയാകും" എന്നു രാമദാസൻ ഗുണദോഷിച്ചു. അങ്ങിനെ ആ ദോഷവും ഭാസ്കരനു വശമായിത്തീൎന്നു.

പിന്നിട്ടുള്ള ഗതി വേഗത്തിൽ കഴിയുന്നു. പള്ളിക്കൂടത്തിൽ നേരേവരുന്നതിന്നുപോലും സമയം ഇല്ലാതെ ഭാസ്കരൻ കളികളിൽ ഏൎപ്പെട്ടു. പാഠങ്ങൾ യാതൊന്നും പഠിക്കാതെയായി. ഒടുവിൽ പരിക്ഷ അടുത്തു. കുടിശികകിടക്കുന്ന പാഠങ്ങൾ തീൎക്കണമെന്നു് അവനു ബോധം ഉദിച്ചു. രാവും പകലും ഒരുമിച്ചു പഠിച്ചുതുടങ്ങി. ആ ആണ്ടിൽ രാമചന്ദ്രൻ ഒന്നാമത്തും ഭാസ്കരൻ നാലാമത്തുംആയി ജയിച്ചു. ഇതു തനിക്കൊരു കുറവായിത്തോന്നി ഭാസ്കരൻ വളരെ ഖേദിച്ചു. പള്ളിക്കൂടം അടച്ചിട്ടു രാമചന്ദ്രനെക്കൂടാതെ അവൻ വീട്ടിലേക്കുപോയി. പെട്ടെന്നു വന്നുചേൎന്ന ഒരു സുഖക്കേട്മൂലം ശരിയായി പഠിക്കുവാൻ സാധിച്ചില്ലെന്നു അതുകൊണ്ടു നല്ലജയം കിട്ടിയില്ലെന്നും അവൻ അച്ഛനോടു പറഞ്ഞു. ആ സാധുകൃഷീവലൻ ആ പ്രസ്താവന വിശ്വസിച്ചു. രാമചന്ദ്രൻ താൻ ഒന്നാമതായി ജയിച്ചകാൎയ്യം ആരോടും പറഞ്ഞില്ല. അവൻ പതിവുപോലെ ഭാസ്കരൻെറ വീട്ടിൽ പൊയ്ക്കൊണ്ടിരുന്നു.

MUL
089387

# അദ്ധ്യായം ൧.

---

## തിരോധാനം.

രാമചന്ദ്രനും ഭാസ്കരനും സ്കൂൾഫയിനാൽക്ലാസ്സിൽ എത്തി. അത്തവണ പള്ളിക്കൂടത്തിലേക്കുപോയപ്പോൾ രാമനാഥനും ഭാൎയ്യയും മകനെ വളരെ ഗുണദോഷിച്ചു. ഒട്ടധികം പാഠങ്ങൾ പഠിക്കുവാനുള്ള ഒരു ക്ലാസ്സിലാണ് അവൻ കയറിയിരിക്കുന്നതെന്നും, അതുവരെയുള്ള പഠിത്തത്തിനു വേണ്ടി തങ്ങളുടെ സകല ജംഗമങ്ങളും വിററുകഴിഞ്ഞു എന്നും അവർ അവനോടു പറഞ്ഞു. താൻ ഇനി ഒരിക്കലും കളിസ്സംഘത്തിൽ ചേരുകയോ പഠിത്തത്തിൽ മടി വിചാരിക്കുകയോ ചെയ്യുകയില്ലെന്നു ഭാസ്കരൻ നിശ്ചയിച്ചു.

പള്ളിക്കൂടംതുടങ്ങി ക്ലാസ്സിൽ അദ്ധ്യാപകൻ ആദ്യദിവസംതന്നെ ഒരു പ്രസംഗംചെയ്തു:—

"കുട്ടികളേ! നിങ്ങൾ ഈ സ്കൂളിലെ ഉയൎന്നക്ലാസ്സിൽ എത്തിയിരിക്കുകയാണ്. ഏററവും പ്രധാനമായ ഒരു വഷമാണിത്, നിങ്ങളോടു എനിക്കു ചില കാൎയ്യങ്ങൾ പറയുവാനുണ്ട്. സ്ഥിരനിശ്ചയത്തോടുകൂടി പഠിച്ചാൽ ആൎക്കും മററുള്ളവരെ പിന്നിടാക്കാമെന്നുള്ളതിനു ഈ ക്ലാസ്സിൽ ഒരു ഉദാഹരണം ഉണ്ട്. പഠിത്തത്തിൽ മടി വിചാരിച്ചാൽ എത്ര ബുദ്ധിയുള്ളകുട്ടിയും പഠിത്തത്തിൽ താഴോട്ടുപോകുമെന്നുള്ളതിനും ഒരു ദൃഷ്ടാന്തം ഞാൻ കാണുന്നുണ്ട്.

ബുദ്ധികൊണ്ടല്ല, സ്ഥിരനിശ്ചയവും ഉത്സാഹവും സത്സ്വഭാവവുംകൊണ്ടാണ് ഒരാൾ മുന്നോട്ടുവരുന്നത്. അന്നന്നത്തെ പാഠങ്ങൾ അന്നന്നു പഠിക്കുന്നതിനു ആൎക്കും, യാതൊ

രു പ്രയാസവും ഇല്ല. ഏതു ബുദ്ധികേടുള്ള കുട്ടിക്കും സാധിക്കാവുന്നതായ ഒരു കാൎയ്യമാണതു്. അങ്ങിനെ ചെയ്യുന്ന കുട്ടിക്കു ആണ്ടവുതിപ്പരീക്ഷ ഒരു അസാധാരണസന്ദർഭമല്ല. നിഷ്പ്രയാസമായി ആ ഘട്ടം കഴിഞ്ഞുകൂടുന്നു.

എന്നാൽ പഠിത്തം ബാക്കിയിടുക എന്നതു് ഏതു സമൎത്ഥനേയും വിഷമിപ്പിക്കുന്നതാണു്. രണ്ടുമൂന്നുദിവസം വരെ കുടിശ്ശികതീൎത്തുകളയാം എന്നൊരു ആശ ശേഷിക്കുന്നതാണു്. അതുകഴിഞ്ഞാൽ ആ ആശയും നശിക്കുന്നു. പിന്നെ ആ ഭാഗങ്ങൾ ഉപേക്ഷിക്കുവാനേ തരമുള്ളൂ. മുൻഭാഗങ്ങൾ ഉപേക്ഷിക്കുന്നകുട്ടിക്കു പിന്നത്തെ കാൎയ്യങ്ങൾ മനസ്സിലാകുന്നതല്ല് ആ വിധത്തിൽ, ആദ്യത്തെ മടി സകലതിനേയും കെടുത്തിക്കളയുന്നു.

ഞാൻ നിങ്ങൾക്കു ഒരുദിവസം പഠിച്ചുതീൎക്കുവാനുള്ള പാഠമേ തരുകയുള്ളൂ. ഏതുവിഷമംതോന്നിയാലും നിങ്ങൾക്കു വന്നുചോദിക്കാം. അങ്ങിനെ ചോദിക്കുന്നവരോടാണു് ഗുരുനാഥന്മാൎക്കു വലിയ പ്രീതി. നിങ്ങളുടെ പ്രയാസങ്ങൾ മുഴുവനും ഞങ്ങൾക്കു മനസ്സിലായെന്നു വരുന്നതല്ല. അതുകൊണ്ടു പാഠത്തിൽ ഏതെങ്കിലുംഭാഗം മനസ്സിലായില്ലെന്നു തോന്നുന്നപക്ഷം, ഒട്ടും മടിവിചാരിക്കാതെ അതു ഞങ്ങളോടു വന്നുചോദിച്ചുകൊള്ളണം. നിങ്ങൾക്കു് ഗുണദോഷം തരുവാനല്ലാതെ നിങ്ങളുടെ പ്രവൃത്തികളെ അനുനിമിഷം പരിശോധിക്കുവാനും നിയന്ത്രിക്കുവാനുംഉള്ള ശക്തി ഞങ്ങൾക്കില്ല.

നിങ്ങളുടെയെല്ലാം രക്ഷകൎത്താക്കൾ നിങ്ങളിൽ വലുതായ ആശയാണു നിക്ഷേപിച്ചിരിക്കുന്നതു്. ജീവിതഗതിയിൽ നിങ്ങൾ പിഴച്ചാണു കാൽവയ്ക്കുന്നതെങ്കിൽ അതു് ആ പാവങ്ങളുടെ മനസ്സുഖത്തെ നശിപ്പിച്ചു് ആയുസ്സിനെ

തന്നെ കുറച്ചുകളയുന്നു. ഏററവും വലിയ ചുമതലയാണു നിങ്ങളിൽ സ്ഥിതിചെയ്യുന്നതു്.

കുട്ടികളെ കൃത്യവിമുഖരാക്കുന്നതു പ്രധാനമായി ചീത്തക്കൂട്ടുകെട്ടാണു്. പലതരത്തിലുള്ള കുട്ടികൾ ഇവിടെയുണ്ടു്. അവരിൽ തീരെ നന്നാകുവാൻ നിവൃത്തിയില്ലാത്തവർ കാണുമായിരിക്കും. അവരും എൻെറ ഉപദേശം കേൾക്കുമെങ്കിൽ തരക്കേടില്ല. അവരാകട്ടെ, തങ്ങൾക്കു വന്ന വിപത്തു മററാരിലും പകർത്താതെയിരിക്കുമെങ്കിൽ നന്നായിരുന്നു. അങ്ങിനെ ചെയ്യുകയില്ല. അതാണു വലിയകഷ്ടത. അതുകൊണ്ടു് അങ്ങിനെയുള്ളവരോടു കൂട്ടുകൂടരുതെന്നുള്ള ദൃഢവ്രതം മററു വിദ്യാർത്ഥികൾക്കുണ്ടായിരിക്കണം. കൂട്ടു പിഴച്ചുപോകുന്നതായാൽ ആരും നാശത്തിൽ പെടുമെന്നുള്ളതിനു സംശയമില്ല".

ഇത്രയും കഴിഞ്ഞിട്ടു് ആ അദ്ധ്യാപകൻ ഭാസ്കരനെ അന്നു വയ്യുന്നേരം രഹസ്യമായി വിളിച്ചു.

അദ്ധ്യാപകൻ: "ഭാസ്കരാ! നീ കഴിഞ്ഞവർഷം ഒടുവിൽ കുറേ അധികം ചീത്തയായി- ഭാഗ്യവശാൽ നന്നെ ദുഷിപ്പിച്ച രാമദാസനുംമററും തോററുപോയതുകൊണ്ടു് നിനക്കു് ഇനി അവരുടെ കൂട്ടുകെട്ടിൽ നിന്നു രക്ഷപെടാം ഈ ആണ്ടിൽ അതു കരുതിക്കൊള്ളണം- രാമചന്ദ്രനെ നോക്കു്. അവനു നിന്നേക്കാൾ എന്നല്ല, ഈ ക്ലാസ്സിലുള്ള ആരേക്കാളും ബുദ്ധി കുറവാണു്. എന്നിട്ടു് അവൻ ഒന്നാമതായി ജയിച്ചതെന്തുകൊണ്ടു്? അവൻെറ കൃത്യനിഷ്ഠകൊണ്ടു മാത്രമാണു്. നല്ലതുപോലെ പഠിക്കാമെങ്കിൽ നിനക്കു സംസ്ഥാനത്തിൽ ഒന്നാമനായി ജയിക്കുന്നതിനു പ്രയാസമില്ല. നിൻെറ വീട്ടിലെസ്ഥിതി ഞാൻ അന്വേ

ഷിച്ചറിഞ്ഞു. വളരെ കഷ്ടപ്പെട്ടാണു് പാവപ്പെട്ട മാതാപിതാക്കന്മർ നിന്നെ പഠിപ്പിക്കുന്നതു്. അ ക്കാൎയ്യം ലേശംപോലും ആലോചിക്കാതെയാണു് നീ ഇവിടെ കളിക്കുന്നതു്."

ഭാസ്കരൻ യാതൊന്നും മറുപടിപറഞ്ഞില്ല. ഏററവും ശ്രദ്ധയായി പഠിക്കുന്നതിനുള്ള തൻെറ നിശ്ചയം ഉറു കിപ്പോകരുതെന്നു മാത്രമേ അവൻ മനസാ പ്രാൎത്ഥിച്ചുള്ളു.

താമസിക്കുന്ന വീട്ടിൽചെന്നു് മുറികളൊക്കെ വൃത്തിയാക്കി, വീട്ടിൽവച്ചു പഠിക്കുവാനുള്ള സമയവിവരപ്പട്ടിക എഴുതി ശരിയാക്കി ആ കുട്ടി ഏകാഗ്രമായ പഠനത്തിനു മുതിൎന്നു. ആരുതന്നെ വന്നുവിളിച്ചാലും, എത്ര വലിയ പ്രലോഭനങ്ങൾ നേരിട്ടാലും താൻ പഠിത്തത്തിൽ നിന്നു കടുകിട മാറുകയില്ലെന്നു് അയാൾ ഉറച്ചു. താൻ വല്ലപ്പോഴും പുസ്തകവായനയിൽ മടികാണിക്കുന്നെങ്കിൽ അക്കാൎയ്യം തൽക്ഷണംതന്നെ ചൂണ്ടിക്കാണിച്ചു് തന്നെ ശാസിക്കണമെന്നു് ആ വീട്ടുകാരനോടു് അപേക്ഷിക്കയും ചെയ്തു.

പിറേറദിവസം പള്ളിക്കൂടത്തിൽവച്ചു രാമചന്ദ്രനെ കണ്ടു് താൻ വല്ല അപരാധവും പ്രവൎത്തിച്ചിട്ടുണ്ടെങ്കിൽ ദയാപുരസ്സരം ക്ഷമിക്കണമെന്നപേക്ഷിച്ചു.

രാമചന്ദ്രൻ:—ഭാസ്കരാ! നീ എൻെറ ഇളയ സഹോദരനാണു്. എനിക്കു് ഒരിക്കലും വിരോധം നിന്നോടു തോന്നുന്നതല്ല. ഞാൻ നിന്നേക്കാൾ വളരെ പ്രായം കൂടിയവനും ബുദ്ധി വളരെ കുറഞ്ഞവനുമാണു്: എൻെറ മേൽഗതി എവിടംവരെയുണ്ടാകുമെന്നെനിക്കറിയാം. നിൻെറ ഭാവി അങ്ങിനെയല്ല. കളിയിൽ അല്പം ഉത്സാഹംകുറച്ചു്, മുമ്പിലത്തേപ്പോലെ

പഠിത്തത്തിൽ ഏപ്പെട്ടാമെങ്കിൽ അതു നന്നായിരി
ക്കും.

അവർ ഇങ്ങനെ വർത്തമാനം പറഞ്ഞുകൊണ്ടുനില്ക്കു
ന്നതു താഴത്തെ ക്ലാസ്സിലായിത്തീർന്നിരിക്കുന്ന രാമദാസൻ ക
ണ്ടു. അവൻ ഓടിവന്നു്,

"അമ്പോ! രാമചന്ദ്രൻ കണ്ണിലെണ്ണയും ഒഴിച്ചിരുന്നു
പഠിച്ചുകൊണ്ടു് ഒരു നിസ്സാരപ്പരീക്ഷയിൽ ജയിച്ചു
പ്രൊഫസ്സർ ആയി ഭാവിക്കുകയായിരിക്കാം. എനിക്കറിയാ
മല്ലൊ. ഭാസ്കരൻ കഴിഞ്ഞകൊല്ലം ഒന്നും പഠിച്ചില്ല. പു
സ്തകം തുറന്നു നോക്കിയിട്ടേയില്ല. എന്നിട്ടു് അവൻ നല്ല
തുപോലെ ജയിച്ചു" എന്നു പറഞ്ഞു. രാമചന്ദ്രൻ ഇതുകേ
ട്ടു പുഞ്ചിരിയിട്ടു. ഭാസ്കരനു് ഈ ധിക്കാരം തീരെ സഹി
ച്ചില്ല.

ഭാസ്കരൻ:—നിങ്ങൾ ഞങ്ങളുടെ സംഭാഷണത്തിൽ പങ്കു
ചേരുവാൻ വരണ്ടാ.

രാമ. - ഒരു ക്ലാസ്സു കൂടിപ്പോയതുകൊണ്ടുള്ള ഉയർച്ചയാണോ
നിനക്കു്?

ഭാസ്ക:—വെറുതേയിരിക്കൂ.

രാമ:—ഇതു് അധികം നിൽക്കുകയില്ലേ. ഭാസ്കരനെപ്പോ
ലെ ജീവസ്സുള്ള ഒരു കുട്ടിക്കു ഈ ഉറക്കംതൂങ്ങികിഴവ
ന്റെ കൂട്ടു നല്ലതുമല്ല. പരീക്ഷയിൽ ജയിക്കുവാൻ
ആൎക്കും കഴിയും. ഞാൻതന്നെ ക്ലാസിൽ ശ്രദ്ധിക്കുക
മാത്രം ചെയ്തിരുന്നെങ്കിൽ കഴിഞ്ഞതയാണ്ടിൽ ഒന്നാമ
നായി ജയിക്കുമായിരുന്നു. പക്ഷേ, ഇത്രവേഗം അ
ങ്ങു മുകളിൽ ചെന്നിട്ടു് എടുത്തുകൊണ്ടു പോരുവാൻ
ഒന്നുമില്ലെന്നെനിക്കറിയാം. ഭാസ്കരൻ ഇവിടെ വ
രൂ. ഞാൻ ഒരു രഹസ്യം പറയട്ടെ.

ഭാസ്ക:—നാം തമ്മിൽ യാതൊരു കൂട്ടുകെട്ടും വേണ്ടാ.

അവർ പിരിഞ്ഞു. പിന്നീട് രണ്ടാഴ്ചക്കാലത്തേക്കു രാമദാസനിൽനിന്നു യാതൊരുപദ്രവവും ഭാസ്കരൻ നേരിട്ടില്ല. അവൻ പാഠങ്ങൾ നല്ലതുപോലെ പഠിക്കുകയും, അദ്ധ്യാപകന്മാരും സതീർത്ഥ്യന്മാരും അവനെ നിരന്തരം പ്രശംസിക്കുകയും ചെയ്തു. രാമചന്ദ്രൻ എന്നും വയ്യുന്നേരം ഭാസ്കരനു നല്ല ഉപദേശം നൽകിയിട്ടേ പിരിയുകയുമുള്ളു.

നല്ലതുപോലെ മുഷിഞ്ഞു പഠിച്ച ഒരു ഒഴിവുദിവസം ഭാസ്കരൻ ചിന്താധീനനായി തന്റെ മുറിയിൽ ഇരിക്കുമ്പോൾ വഴിയേ ഒരു ഘോഷയാത്ര പോകുന്നതുകണ്ടു. മുത്തുക്കുടകളും പടഹധ്വനികളും ആയി നീങ്ങുന്ന ആ ഉത്സവം എന്തെന്നറിയുവാൻ അവൻ പടിക്കൽ ഇറങ്ങിനിന്നു. ആഘോഷങ്ങൾക്കു പുറകിൽ രാമദാസന്റെ നേതൃത്വത്തിൽ ഒട്ടധികം ബാലന്മാർ ഉത്സാഹോന്മത്തരായി കളിച്ചും ചിരിച്ചും ഉറക്കെസ്സംസാരിച്ചും നടക്കുന്നുണ്ടായിരുന്നു. പുസ്തകവായനയിൽ വന്ന ക്ഷീണം മാററുന്നതിന് അല്പം ഒന്നു നടക്കാം എന്നുവിചാരിച്ചു നിൽക്കുമ്പോഴാണു ഭാസ്കരൻ ഇവരെക്കണ്ടതു്. ഇവർ പോയിക്കഴിഞ്ഞിട്ടു എതിർ വഴിയേ നടക്കാം എന്ന് അവൻ നിശ്ചയിച്ചു. എന്നാൽ ആ സംഘത്തിലുള്ള ചില സതീർത്ഥ്യർ അവനെ വന്നുപിടിച്ചു് റോഡിലേക്കു് ആനയിച്ചു. "ഞാൻ വരുന്നില്ല" എന്നു ആദ്യം പറഞ്ഞു എങ്കിലും പകുതിമനസ്സ് ആ ഉത്സാഹത്തിൽ പങ്കെടുക്കുന്നതിനായി ഭാസ്കരനെ പ്രേരിപ്പിച്ചു. എങ്ങോട്ടെങ്കിലും ഒന്നു നടക്കുന്നതിനാണല്ലോ താൻ നിശ്ചയിച്ചിരിക്കുന്നതു; എന്നാൽ അതു കുറേ ഉത്സാഹമായിട്ടാകട്ടെ, എന്നു ആ ബാലൻ ചിന്തിച്ചു. ഉത്തരക്ഷണത്തിൽ ആ സംഘത്തിൽ ചേരുകയും ചെയ്തു.

സന്ധ്യകഴിഞ്ഞു് ഇരുട്ടുതുടങ്ങിയിട്ടും ആ ഉത്സവം അവസാനിച്ചില്ല. തനിക്കു തിരിച്ചുപോരണമെന്നു് ഭാസ്കരൻ

രണ്ടുമൂന്നുതവണ പറഞ്ഞു എങ്കിലും, കൂട്ടുകാർ അവനേ അവന്റെ താമസസ്ഥലത്തു കൊണ്ടുവിടാമെന്ന് ഏററതിനാൽ മുന്നോട്ടുപോവാൻതന്നെ തീർച്ചപ്പെട്ടുത്തേണ്ടിവന്നു.

വഴിയിൽവച്ച് ഒരു സംഭവം ഉണ്ടായി. രാമദാസന്റെ കൂട്ടത്തിൽപെട്ടവരാരോ വഴിയേപോയ ചിലൎക്ക് ഉപദ്രവം ഉണ്ടാക്കി. യാത്രക്കാർ വിദ്യാൎത്ഥികളെ ചീത്തപറഞ്ഞു. വിദ്യാൎത്ഥികൾ എതിരാളികളെ അടിച്ചു. അവർ തിരിച്ചടിച്ചു. ഒരു ലഹളയായി. പട്ടണത്തിലെ ചട്ടമ്പികളിൽ ചിലർ വിദ്യാൎത്ഥികളുടെ വശത്തുചേൎന്നു. ഒടുവിൽ ചട്ടമ്പികളും വിദ്യാൎത്ഥികളും ജയിച്ചു. ഈ വിധത്തിൽ ഒന്നുചേൎന്ന സംഘത്തിൽ ചിലരെ ചട്ടമ്പികളിൽ രണ്ടുപേർ പ്രശംസിച്ചു.

“വരുവിൻ. അനുജന്മാരേ! നിങ്ങൾ കാണിച്ച ധൈര്യത്തിന് നിങ്ങളെ ഒന്നു സൽക്കരിക്കാതെ വിട്ടുകൂടാ. അടുത്ത കാപ്പിക്കട വൃത്തിയുള്ളതാണ്. കയറാം അവിടെ”

എന്ന് അവർ രാമദാസപ്രഭൃതികളെ ക്ഷണിച്ചു. ഭാസ്കരൻകൂടി ഉണ്ടായാലേ താൻ ആ ക്ഷണം സ്വീകരിക്കുകയുള്ളുവെന്ന് രാമദാസൻ ശഠിച്ചു. കൂട്ടുകാർ ഒത്തുമൂളി. ചട്ടമ്പികളിൽ ഒരുവൻ ഭാസ്കരനെ വിളക്കിന്റെമുമ്പിൽകൊണ്ടുപോയിട്ട് “ഈ അനുജൻ ഒരു വലിയആളാകും. നമുക്ക് ഇദ്ദേഹത്തിന്റെ സേവ ആവശ്യമുണ്ട്. വരുക അനുജാ!” എന്നുപറഞ്ഞു. ഈ സൽക്കാരം സ്വീകരിക്കുന്നതിൽ വൈഷമ്യം ഒന്നും വരുവാനില്ലെന്നു ഭാസ്കരൻ വിചാരിച്ചു.

ഇതു് ആ കുട്ടിയുടെ ജീവിതത്തിൽ ഏററവും പ്രധാനമായ ഒരു മുഹൂൎത്തമായിരുന്നു. പട്ടണത്തിൽ പ്രാധാന്യം നടിക്കുന്ന ജോലിയില്ലാത്ത കൂട്ടർ തന്റെ ആരാധകവൎഗ്ഗ

ത്തിൽ ചേരുമെന്നറിഞ്ഞു് ആ കുട്ടി അഹങ്കാരംപൂണ്ടു. ചട്ടമ്പിമാർ സമയത്തിനൊത്ത സേവ പറഞ്ഞു് അവൻെറ ദുരഭിമാനത്തെ വൎദ്ധിപ്പിച്ചു.

ചീട്ടുകളി, പരദൂഷണം മുതലായി ഇക്കൂട്ടർ പ്രധാന തൊഴിലുകളായിക്കരുതുന്ന വിദ്യകളിൽ പ്രാമുഖ്യം തനിക്കു ലഭിക്കണമെന്നു് അവൻ ആഗ്രഹിച്ചു. ഇങ്ങിനെ രാമദാസനെപ്പോലും നിസ്സാരനാക്കിത്തള്ളാവുന്ന ഒരു പ്രബല സൈന്യത്തിൻെറ സംസേവനം ഭാസ്കരനെ ക്ഷണേന നാശത്തിലേക്കു പതിപ്പിച്ചു.

കൂറേനാൾ അവരുടെ ഔദാൎയ്യം സ്വീകരിച്ചപ്പോൾ താൻകൂടി പണം ചിലവാക്കാതിരിക്കുന്നതു് തൻെറ അന്തസ്സിനു ചേൎന്നതല്ലെന്നു ഭാസ്കരൻ തീരുമാനിച്ചു. വീട്ടിൽനിന്നു ഭക്ഷണച്ചിലവിനും പുസ്തകങ്ങൾക്കും അയച്ചുവന്ന പണം മുഴുവൻ ധൂൎത്തടിച്ചു. ആവശ്യമുള്ള പുസ്തകങ്ങൾ വാങ്ങാത്തതെന്തെന്നു രാമചന്ദ്രൻ ഒരിക്കൽ ചോദിച്ചപ്പോൾ വീട്ടിൽനിന്നു പണം വരാഞ്ഞിട്ടാണെന്നു് അവൻ കള്ളംപറഞ്ഞു. സിഗററുപെട്ടികൾ, വിശേഷപ്പെട്ട തുണിത്തരങ്ങൾ മുതലായ സാമാനങ്ങൾ വാങ്ങിയാൽമാത്രമേ പുതിയ കൂട്ടരുടെയിടയിൽ ലഭിച്ച സ്ഥാനത്തിനു താഴ്ചവരാതെയിരിക്കുകയുള്ളുവെന്നു്. എണ്ണിയതിനാൽ പണമെഴുവൻ വേഗം ചിലവായി.

അങ്ങിനെയിരിക്കെ എല്ലാവരുംകൂടി ദൂരദേശത്തിലുള്ള ഒരു അരുവികാണുന്നതിനു പോകണമെന്നുള്ള ആലോചനവന്നു. എല്ലാവരുടേയും വീതംപോലെ താനും പണം എടുക്കേണ്ട ആവശ്യം ഭാസ്കരനു വന്നുകൂടി. കയ്യിൽ ഒരു കാശുമില്ല. തൻെറ ദാരിദ്ര്യം കൂട്ടരെ അറിയിക്കുന്നതു പരമസങ്കടമായിത്തോന്നി. അവൻ അന്നുരാത്രി ഉറങ്ങിയില്ല. വെളുപ്പിനു വന്നുവിളിക്കുന്ന കൂട്ടുകാരോടെന്തു സമാധാനമാണു പറയേണ്ടതെന്നു് അവൻ ചിന്തിച്ചു.

അപ്പോഴാണു് ഒരു മാർഗ്ഗം തോന്നിയതു്. വീട്ടുകാരൻ പണം വച്ചിരിക്കുന്ന സ്ഥലം അവനു് അറിയാമായിരുന്നു. പിന്നീടു തിരിയെ വച്ചുകൊള്ളാമെന്നുള്ള ആശ്വാസത്തിൽ അയാളുടെ പണം തല്ക്കാലത്തേക്കു് അപഹരിക്കാം എന്നുതന്നെ അവൻ നിശ്ചയിച്ചു. പിന്നീടു് മടിയൊന്നും തോന്നിയില്ല. ഉറങ്ങിക്കിടന്ന വീട്ടുടമസ്ഥൻ, അറിയാതെ അവൻ പത്തുരൂപാ എടുത്തു.

രണ്ടുദിവസം ഉത്സാഹമായിക്കഴിച്ചിട്ടു് താമസസ്ഥലത്തു മടങ്ങിയെത്തിയപ്പോൾ കഥ ഒക്കെ മാറിയിരിക്കുന്നു. തന്റെ പണം മോഷണംപോയകാര്യം ഗൃഹനാഥൻ പോലീസിൽ അറിവുകൊടുക്കുകയും, ആരായിരിക്കാം എടുത്തിരിക്കുന്നതെന്നുള്ള അന്വേഷണത്തിൽ, സംഗതികൾ എല്ലാം ചോദിച്ചറിഞ്ഞ ബുദ്ധിമാനായ പോലീസുദ്യോഗസ്ഥൻ ഭാസ്കരനെത്തന്നെ സംശയിക്കുകയും ചെയ്തിരിക്കുന്നു. പാവം ഭാസ്കരൻ ഭയവിഹ്വലനായി. താൻ പണം എടുത്തിട്ടില്ലെന്നു അവൻ വീട്ടുകാരനോടു പറഞ്ഞു. ഏതെങ്കിലും അന്നുരാത്രി കഴിയട്ടെ എന്നും, ആ കുട്ടി പണം എടുത്തതാണെങ്കിൽ സത്യംപറഞ്ഞാൽ പോലീസിനോടു വേറെവല്ല കള്ളവുംപറഞ്ഞു് അന്വേഷണം നിറുത്തിച്ചുകളയാമെന്നും ഗൃഹനാഥൻ ഭാസ്കരനോടുപറഞ്ഞു. താൻ ഒരിക്കലും പണം മോഷ്ടിച്ചിട്ടില്ലെന്നുള്ള ഭാസ്കരന്റെ വാക്കുകൾ അയാൾ വിശ്വസിച്ചു. വേറെ ഏതെങ്കിലും വഴിയൽ അന്വേഷിക്കണമെന്നുള്ള കാര്യം പോലീസിനെ അറിയിക്കുവാൻ വീട്ടുകാരൻ പോയി. ഒരുപക്ഷേ, തന്നെ അറസ്റ്റുചെയ്യിക്കുവാൻ അയാൾ പോയിരിക്കാമെന്നു ഭയപ്പെട്ടു് ഭാസ്കരനും വീട്ടിൽനിന്നിറങ്ങി. ആ ബാലൻ യാതൊരുലക്ഷ്യവും ഇല്ലാതെ അന്ധകാരത്തിൽ മുന്നോട്ടുനടന്നു.

# അദ്ധ്യായം വ്യ.

## അഞ്ചു വർഷത്തിനുശേഷം.

ആണ്ടുകൾ അഞ്ചുകഴിഞ്ഞ് ആറാമത്തേതു തുടങ്ങി. രാമചന്ദ്രൻ ബി. എ. പരീക്ഷയിൽ ഉന്നതജയിച്ച്, ശാരദയെ വിവാഹംചെയ്യുകയും നല്ല ശമ്പളത്തിൽ ഒരു സർക്കാർ ജീവനക്കാരനാവുകയും ചെയ്തിരിക്കുന്നു- രാമദാസൻ ഒരു ക്രൂട്ടായ് മക്കവർച്ചക്കേസിൽ ഉൾപ്പെട്ട് നാലുവർഷത്തേ തടവിൽ കഴിയുന്നു.

•

ഏകപുത്രന്റെ തിരോധാനത്തിനു ശേഷം രാമനാഥന്റെ ഹൃദയത്തെ ബാധിച്ച മ്ലാനത, ശാരദയുടെ വിവാഹാവസരത്തിൽപോലും മാറിയില്ല. ഭാസ്കരന്റെ മാതാവ് രോഗശയ്യയിൽ വീണിട്ട് നാൾ വളരെയായി. ആ കുടുംബം രാമചന്ദ്രന്റെ രക്ഷയിൽ അല്ലലില്ലാതെ കഴിയുന്നെന്നിരുന്നാലും, ഭാസ്കരനോടുകൂടി മറഞ്ഞുപോയ സംതൃപ്തിയും പ്രസാദവും അവിടെ രണ്ടാമതു പ്രവേശിച്ചിട്ടില്ല. ആ ഗ്രാമത്തിലെ പല പ്രവൃത്തനങ്ങളിലും ഏർപ്പെട്ടിരുന്ന രാമനാഥൻ ഇപ്പോൾ വീട്ടിനുവെളിയിൽ ഇറങ്ങുന്നില്ല. അയൽക്കാരെക്കാണുന്നതിനുപോലും ആ പാവത്തിനു വളരെ മടിയാണു തോന്നിയിരിക്കുന്നത്- ഏതോ അപരിഹരണീയമായ ഒരു മഹാവിപത്തിൽപെട്ട് ദുർവിധിയേ ശപിച്ചുകഴിയുന്ന ഒരു ഗൃഹത്തിന്റെ സകലലക്ഷണങ്ങളും അവിടെ കാണ്മാനുണ്ട്. രാമചന്ദ്രന്റെ അനുവാദത്തോടുകൂടി ശാരദ പല അവസരങ്ങളിലും വീട്ടിൽവന്ന് അച്ഛനമ്മമാരെ ശുശ്രൂഷിച്ചു താമസിക്കാറുണ്ടെങ്കിലും ആ അകാലവൃദ്ധജനങ്ങൾ തങ്ങൾ അനുഭവിച്ച മഹാനഷ്ടത്തെപ്പററിയുള്ള ദാരുണസ്മരണയിൽനിന്നു തിരെ വിമുക്തരാകുന്നില്ല.

ഭാസ്കരനെവിടെയായിരിക്കുമെന്നു് രാമചന്ദ്രൻ പല അന്വേഷണങ്ങളും നടത്തി യാതൊരുഫലവും ഉണ്ടായില്ല. ഒടുവിൽ, വിധിയുണ്ടെങ്കിൽ തിരിച്ചുവരും, അഥവാ മരിച്ചുമിരിക്കും എന്ന സമാധാനത്തോടെ ആ യുവാവു് അന്വേഷണങ്ങൾ അവസാനിപ്പിച്ചു.

തൻെറ മുമ്പിൽവച്ചു് പുത്രൻെറ കാര്യം ആരും മിണ്ടിപ്പോകരുതെന്നു് രാമനാഥൻ ആജ്ഞാപിച്ചിട്ടുണ്ടായിരുന്നു. സന്താപത്തെ അകററിനിറുത്തുവാനായി അദ്ദേഹം ചെയ്ത ഈ വ്യവസ്ഥ, അനുകമ്പയും ആദരവും നിറഞ്ഞ ഗ്രാമവാസികൾ, അനുസരിച്ചുമിരുന്നു.

ഒരുദിവസം ഭർത്താവിൻെറകൂടെ അദ്ദേഹത്തിൻെറ ജോലിസ്ഥലത്തേക്കു പോകുവാനൊരുങ്ങിയ ശാരദ അമ്മയോടു യാത്രചോദിക്കുവാൻ ആ രോഗിണിയുടെ മുറിയിൽ ചെന്നു. ആ സ്ത്രീ പണിപ്പെട്ടെഴുന്നേററുന്നു മകളെ ആലിംഗനംചെയ്തിട്ടു് ഇപ്രകാരം പറഞ്ഞു:—

"പൊന്നുമകളേ! നീ ഇനി വരുമ്പോൾ അവനേക്കൂടെ കൊണ്ടുവരണേ!"

ശാരദപറഞ്ഞു:—"അമ്മേ! എൻെറ അനുജൻ എന്നെങ്കിലും തിരിച്ചുവരാതിരിക്കുകയില്ല. വിധിയുള്ളപ്പോൾ വരും. ഞാൻ ഈശ്വരനോടു ദിവസവും അപേക്ഷിക്കുന്നുണ്ടു്."

അമ്മ:— കുഞ്ഞേ! നിൻെറ ഭർത്താവിനോടു എന്നും അന്വേഷിച്ചുകൊണ്ടിരിക്കുവാൻ പറയണം. നീ കാണുന്നില്ലേ, നിൻെറ അച്ഛൻ ദിവസേന ക്ഷീണിച്ചുവരുന്നതു്. എനിക്കിവിടെ കിടന്നാൽമതി. അദ്ദേഹത്തിന്റെ വീട്ടുകാര്യം മുഴുവൻ നോക്കണം. നാട്ടുകാര്യങ്ങൾ

അറിയണം. ഈ ദുഃഖം വെളിയിൽ കാണിക്കാതിരിക്കണം. ഈശ്വരാ! എന്റെ കുഞ്ഞിനെ ഒന്നു കണ്ടിട്ടു് ജീവൻ എടുത്തിരുന്നെങ്കിൽ!

ശാരദ:—ഞാൻ പോയിവരട്ടെ അമ്മേ! എന്റെ അനുജൻ സുഖമായി എവിടെയോ ഇരിപ്പുണ്ടെന്നും നമ്മേ എല്ലാവരേയും ഒരു കാലത്തു വന്നുകാണുമെന്നും എനിക്കു വിശ്വാസം ഉണ്ടു്.

ആ സമയം രാമനാഥൻ അവിടെക്കയറിവന്നു. ഭാര്യയും മകളും കരഞ്ഞുകൊണ്ടു നിൽക്കുന്നതുകണ്ടു് അദ്ദേഹം ഇപ്രകാരം ശാസിച്ചു:—

"എന്തു ശാരി! നിനക്കു പോകുവാൻ സമയമായില്ലേ? വണ്ടിക്കാരൻ എത്രനേരമായി വണ്ടി തയ്യാറാക്കിയിട്ടു്! അതേ, അമ്മയെ കൂടുതൽ ദുഃഖിപ്പിച്ചിട്ടു പോകാമെന്നായിരിക്കും നീ വിചാരിക്കുന്നതു്!"

ശാരദ വാവിട്ടു നിലവിളിച്ചു.

രാമനാഥൻ:—ഭാസി എന്നെങ്കിലും ഇവിടെവന്നു നമ്മേ കാണാതിരിക്കുകയില്ലെന്നും, അന്നു് അവനു വ്യസനം ഉണ്ടാകത്തക്കവിധം ദേഹം ക്ഷീണിപ്പിക്കരുതെന്നും നിന്റെ അമ്മയോടു ഗുണദോഷിച്ചിട്ടു പോകണം. മനസ്സിലായോ. ആകട്ടെ, സമയമായി.

*　　　*　　　*　　　*

ഈ സമയം ഈ ഗ്രാമത്തിൽനിന്നു് എത്രയോ ആയിരം നാഴികദൂരെ സിലോണിലുള്ള ഒരു പർവ്വതപ്രദേശത്തിൽ ഒരു ചെറുകുടിലിൽ ഏകനായി ഒരു രോഗി ശയിക്കുന്നുണ്ടായിരുന്നു. തീവ്രമായ മലമ്പനി പിടിപെട്ടു്, എല്ലന്തി, കണ്ണുകുഴിഞ്ഞു, കിടുകിടവിറച്ചു് ആ യുവാവു കിടക്കുന്നു. കാലിമേയ്ക്കുന്ന വേടക്കുട്ടികൾ കട്ടിലിനു താഴെ വച്ചിട്ടുപോയ കടുംകാപ്പി കുടിച്ചു ദാഹം ശമിപ്പിക്കുന്നതിനു

എഴുന്നേൽക്കുവാൻ ആ പാവത്തിന്ന കഴിവില്ല. അയാരം കിടന്നു നിലവിളിച്ചുതുടങ്ങി:—

"അച്ഛാ! എന്റെ അമ്മേ! എന്റെ ജ്യേഷ്ഠത്തി! ഈ അവസരത്തിൽ നിങ്ങരം മഹാപാപിയായ എന്നെ ശപിക്കുകയായിരിക്കാം. വീട്ടിന്നും നാട്ടിന്നും അപഖ്യാതിയുണ്ടാക്കിവച്ചു് നിങ്ങളെ തീരാത്ത വ്യസനത്തിൽ മുക്കിയിട്ടു പോന്ന എന്നോട്ട് ഈശ്വരൻ ക്ഷമിക്കുന്നില്ല. ഈ അഞ്ചുവഷ്വും സുഖം എന്നുള്ളതു ഞാൻ അറിഞ്ഞിട്ടില്ല. എന്റെ ക്രൂരനായ യജമാനന്റെ ഈ കൃഷിസ്ഥലത്തിൽ മാസംതോറും വരുന്നതായ ഈ പനിയും ഭക്ഷണക്കുറവും സഹിച്ചു ഞാൻ ജോലിചെയ്തിട്ടുപോലും ഇങ്ങോട്ടു തിരിഞ്ഞുനോക്കുവാൻ ആരുമില്ല. എന്നെ ഇവർ പട്ടിണിക്കിട്ടു കൊന്നാലും തരക്കേടില്ലായിരുന്നു- സ്നേഹം ഉറുന്ന ഒരുവാക്കു് ആരുടെയെങ്കിലും നാക്കിൽനിന്നു വീഴുകയോ, കരുണ ആരുടെയെങ്കിലും ഭാവത്തിൽ കാണുകയോ ചെയ്തിരുന്നെങ്കിൽ ഞാൻ ഈ കഷ്ടതകരം ഒക്കെ സഹിച്ചുകൊള്ളാമായിരുന്നു. എന്നാൽ ഞാൻ ആരെയാണു് അതിന്ന കുററംപറയുക! ലോകം മുഴുവൻ എന്നെ സ്നേഹിച്ചില്ലേ? അമ്മയും അച്ഛനും സഹോദരിയും എന്നെ ഉണ്ണിക്കൃഷ്ണനെപ്പോലെ സ്നേഹിച്ചില്ലേ? എന്റെ ഗുരുനാഥന്മാരും മഹാമനസ്കനായ രാമചന്ദ്രനും എന്നെ താലോലിച്ചില്ലേ? ഞാൻ അവരോടെല്ലാം ഭയംകരമായ കൃതഘ്നത കാണിച്ചു എല്ലാവരേയും വ്യസനിപ്പിക്കുകയല്ലേ ചെയ്യുന്നതു്? ഞാൻ ചെയ്ത പാപത്തിന്ന ശരിയായ ശിക്ഷ ഇതുവരെ എനിക്കു കിട്ടിയിട്ടില്ല. വരുവാൻപോകുന്ന കഷ്ടത ഓമ്മിച്ചാൽ ഇതു സാരമില്ല.

എന്നാലും ഞാൻ എത്രമാത്രം മഹാദുഃഖം അനുഭവിച്ചുകഴിഞ്ഞു! ആ രാത്രി ഒരു കാശും ഇല്ലാതെ ഒളിച്ചുപോന്ന ഞാൻ എത്രദിവസം പട്ടിണികിടന്നു്, ആരുടെയെല്ലാം

ദാസ്യവേലചെയ്തു്, ആരുടെയെല്ലാം കോപംകണ്ടു് മനം കലങ്ങിയാണു് ഇവിടെയെത്തിയതു്? ഇവിടെയാകട്ടെ ഹോട്ടലുകളിൽ പാത്രങ്ങൾ വൃത്തിയാക്കിയും, റയിൽവേസ്റ്റേഷനിൽനിന്നു ചുമടെടുത്തും, മഴനനഞ്ഞും, പഴന്തുണികൾ ഉടുത്തും ഞാൻ എത്ര കഷ്ടപ്പെട്ടു.

എന്റെ ഇപ്പഴത്തെ യജമാനനായ ഗുണസിംഹന്റെ കൃഷിക്കാരനായി ഈ പർവ്വത്തിൽ വന്നിട്ടു് ഇതാ നാലുവർഷം തികയുന്നു. എനിക്കു ഭാഗ്യവശാൽ അടുത്ത യൂറോപ്യൻതോട്ടത്തിൽനിന്നു വായിക്കുവാൻ ധാരാളമായി കിട്ടുന്ന പുസ്തകങ്ങൾ അല്ലാതെ, സൈ്വരമായും സുഖമായും വർത്തമാനം പറയുന്നതിനു് ഒരൊററമനുഷ്യനെയെങ്കിലും ഈ ദിക്കിൽ കാണുവാനില്ല. പത്തുരൂപാ ചിലവാക്കി നൂറു രൂപായുടെ ജോലി കാണിച്ചില്ലെങ്കിൽ ഗുണസിംഹൻ എന്നെ പിരിച്ചുവിടുമെന്നാണു വ്യവസ്ഥ. അതു ഞാൻ ആശിക്കുന്നതിൽ ഏററവും ലഘുവായ ശിക്ഷ മാത്രമാണു്. മുമ്പു പലരേയും ചെയ്തിട്ടുണ്ടെന്നു കേൾക്കുന്നമാതിരി, എന്നോ ഈ ഗുഹകളിലെങ്ങാനും ചവിട്ടിത്താഴ്ത്തിക്കളയരുതെന്നു മാത്രമേ പ്രാർത്ഥനയുള്ളൂ. ആവൂ! ഒന്നെഴുനേൽക്കുവാൻ നോക്കട്ടെ. ആ കാപ്പിവെള്ളം ഒന്നെടുക്കുന്നതിനു സാധിച്ചിരുന്നെങ്കിൽ—"

ആരോ സംസാരിക്കുന്നതുകേട്ടു ഭാസ്കരൻ ചെവിയോർമ്മിച്ചു. ഉത്തരക്ഷണത്തിൽ ഗുണസിംഹന്റെ മാനേജർ അവിടെയെത്തി. അയാൾ നിരന്തരം കോപബാധപൂണ്ട ഒരു രാക്ഷസനായിരുന്നു. വന്ന ഉടൻതന്നെ പുച്ഛഭാവത്തിൽ ഭാസ്കരനെ നോക്കി.

"താൻ ഇന്നും ജോലി ഒന്നും ചെയ്യാത്തതിനൊരു കാരണവും ഉണ്ടാക്കികിടക്കുകയാണു്, അല്ലേ? എഴുനേല്ക്കു

വെടോ അവിടുന്നു്. ബഹുമാനിക്കേണ്ടവർ വന്നാലും തന്റെ മയ്യാദ ഇങ്ങിനെയാണു്" എന്നു അട്ടഹസിച്ചു.

ഭാസ്കരൻ:—യജമാനനേ! എനിക്കു തലപൊക്കുവാൻ വഹിയാ. എന്നെ ഉപദ്രവിക്കരുതു്.

മാനേജർ:—തലപൊക്കുവാൻ മനസ്സില്ലെങ്കിൽ എന്റെകൂടെവന്നിട്ടുള്ള കൂലിക്കാരോടു തന്നെ വല്ല ഉരുപാതകളിലും കൊണ്ടിട്ടേക്കാൻ പറയാം. ആട്ടേ, കരുതിക്കൊള്ളൂ. നാളെ ഞാൻ ഇതിലെ വരുമ്പോഴ് ഒരേക്കർസ്ഥലമെങ്കിലും കാടുതെളിച്ചിട്ടില്ലെന്നുണ്ടെങ്കിൽ തന്റെ കാലിൽപിടിച്ചു വലിച്ചെറിയിക്കും.

മാനേജർ നടന്നു. ഭാസ്കരൻ മയങ്ങുകയുംചെയ്തു. വയ്യുന്നതുവരെ അവൻ ആ കിടപ്പിൽ കിടന്നു. മാനേജർ അടുത്തുള്ള യൂറോപ്യൻ തോട്ടങ്ങളിൽനിന്നു മദ്യപാനംചെയ്തു ബോധരഹിതനായി വന്നതു ഭാസ്കരനെ നല്ലതുപോലെ ശിക്ഷിക്കണമെന്നുള്ള നിശ്ചയത്തോടുകൂടിയായിരുന്നു. അതുകൊണ്ടു അയാൾ വന്ന ഉടനേ:—

"എടാ! കൂലിക്കാരാ! നീ ഇന്നു എന്തുവേലചെയ്തു?"

ഭാസ്ക:—എനിക്കെഴുനേൽക്കുവാൻകൂടി വഹിയാ. ദേഹം എരിഞ്ഞുപോകത്തക്കപനിയുണ്ടു്.

മാനേ:—അതല്ലചോദിച്ചതു? നീ ഇന്നു എന്തുവേലചെയ്തു?

ഭാസ്ക:—എന്നെ ഉപദ്രവിക്കരുതേ.

മാനേ:—എടാ, നീ ചോദിച്ചതിനുത്തരം പറയുകയില്ല. അല്ലേ?

ബോധംകെട്ട ആ ഘാതകൻ ഭാസ്കരൻെറ കിടക്കയോടടുത്തു്, രോഗാർത്തനായിക്കിടക്കുന്ന ആ പാവത്തിനെ വലിച്ചു നിലത്തിട്ടു. ഭാസ്കരൻ "അയ്യോ! അയ്യോ!" എന്നു നിലവിളിച്ചു. "ശബ്ദം ഉണ്ടാക്കാതെ" എന്നു പറഞ്ഞു് അയാൾ അവൻെറ വായിൽ അമർത്തിപ്പിടിച്ചു. തൻെറ ദൌഷ്ട്യം തുടരുന്നതിനുതക്ക ശക്തി ആ മദോന്മത്തനിൽ ശേഷിക്കാതിരുന്നതു് ഭാസ്കരൻെറ ആയുർബ്ബലംകൊണ്ടുതന്നെയായിരുന്നു. മാനേജർ ഏതുവിധത്തിലോ ഭാസ്കരൻ കിടന്നസ്ഥലത്തു ചെന്നുവീണു. അനന്തരക്ഷണത്തിൽ അയാൾ ഗാഢനിദ്രയിൽ എത്തി.

ആ നീചൻ ഉണരുമ്പോഴാണു ശേഷം ശിക്ഷയെന്നു ഭയപ്പെട്ടു ഭാസ്കരൻ തൻെറ സകലശക്തിയും ഉപയോഗിച്ചു എഴുന്നേററിരുന്നു. അടുത്തുള്ള കുററിക്കാട്ടിൽ പിടിച്ചു അവൻ നിരങ്ങിത്തുടങ്ങി. ആ ഇരുട്ടത്തു കിഴക്കാംതൂക്കായ കുന്നിൻെറ വക്കിൽക്കൂടെ ഇപ്രകാരം നീങ്ങുന്ന താൻ ഉത്തരക്ഷണത്തിൽ അഗാധമായ താഴ്വരയിലേക്കു് വീണേക്കുമെങ്കിലോ എന്നു് അയാൾ ഭയപ്പെട്ടു. പല ജന്തുക്കളുടെയും ഇടയിൽക്കൂടെ ആ ഭാഗ്യദോഷി അനുവർത്തിച്ച യാത്ര അയാളെ എവിടെയോ എത്തിച്ചു. എന്തോ തലയിലും പുറത്തുംവന്നുതട്ടി അയാൾ താഴെ മറിഞ്ഞു. ബോധംവിടുന്ന അവസരത്തിൽ ആ യുവാവിൻെറ ഹൃദയം മാതൃസന്നികടത്തിൽ എത്തി അല്പനേരം സുഖിക്കുകയോ ദുഃഖിക്കുകയോ ചെയ്തിരിക്കണം.

*　　　*　　　*　　　*

പിറേറന്നു പകൽ പത്തുമണികഴിഞ്ഞതിനുശേഷമാണു് അവർ കണ്ണുതുറന്നതു്. ചുററുംകാണപ്പെട്ട കാഴ്ചകൾ അവനിൽ തൻെറ ബോധത്തികവിനെപ്പററി ബലമേറിയ സംശയങ്ങൾ ജനിപ്പിച്ചു. തലേദിവസം മുഴുവൻ ഒരു ക

ടിലിൽ താൻ അതികഠിനമായ പനിബാധിച്ചു കിടന്നതായി ഓൎമ്മയുണ്ട്. ഗുണസിംഹന്റെ മാനേജർവന്നു് തന്നെ താഴെയെറിഞ്ഞതായും ഓക്കുന്നു. ശേഷം ഒന്നും തിരെ നിശ്ചയമില്ല. ഇപ്പോൾ ഭംഗിയേറിയ ഒരു മുറിയിൽ മാർദ്ദവംകൂടിയ ഒരു മെത്തയിൽക്കിടക്കുന്നു. തന്നെ ശുശ്രൂഷിക്കുവാനായി രണ്ടുപേർ അടുത്തുനിൽപ്പുണ്ട്. എന്തോ ഭാരംതോന്നുന്നു എന്നുകണ്ടു് അവൻ തലയിൽ തപ്പിനോക്കി. പല സ്ഥലങ്ങളും കെട്ടുകൾക്കടിയിൽ ആയിപ്പോയിരിക്കുന്നു ഇതിനു കാരണം എന്താണു്? അയാൾ അടുത്തുനിന്നവരോടു ചോദിച്ചു.

"അടങ്ങിക്കിടക്കൂ! മക്ലിൻസായ്പ്പിന്റെ ബംഗ്ളാവിലാണു നിങ്ങൾ കിടക്കുന്നതു്."

ഭാസ്ക — ഞാൻ എങ്ങിനെ ഇവിടെയെത്തി?

"നിങ്ങളുടെമേൽ ഇന്നലെരാത്രി സായിപ്പിന്റെ കുതിരകയറിയെന്നോ നിങ്ങൾ ബോധംകെട്ടെന്നോ ഒക്കെയാണു് ഇവിടെ കേൾക്കുന്നതു്."

ഭാസ്കരൻ വീണ്ടും ബോധരഹിതനായി.

---

## അദ്ധ്യായം ൯.

---

### മംഗളം.

ഗുണസിംഹന്റെ കൂലിക്കാരനായിരുന്ന ഭാസ്കരൻ ഇപ്പോൾ മക്ലീൻ സായിപ്പിന്റെ വിശ്വസ്തനായ മാനേജരാണു്. താൻ വിദ്യാൎത്ഥിജീവിതത്തിൽ പഠിച്ച സകല ദുർഗ്ഗുണങ്ങളും മറന്നു കഴിഞ്ഞിരിക്കുന്നതിനാൽ, ജന്മദത്തമായ

കൃത്യനിഷ്ഠ മുതലായ ഗുണങ്ങൾ അവനിൽ പ്രകാശിച്ചു. സ്വാമിഭക്തിയോടും ശ്രദ്ധയോടുംകൂടി ആ യുവാവ് പുതിയ ജോലികൾ നടത്തി. അയാളുടെ നന്മകൾ സായ്പിൽ വലുതായ സന്തോഷം ഉളവാക്കി. തോട്ടംസംബന്ധിച്ച സകല ചുമതലകളും സായിപ്പ് ഭാസ്കരനെ ഏല്പിച്ചു.

കുറേക്കഴിഞ്ഞു ഭാസ്കരൻ ആ തോട്ടത്തിന്റെ ഒരു പങ്കുടമസ്ഥനായിത്തീർന്നു. അചിരേണ അയാൾ കുബേരനായിത്തീരുകയുംചെയ്തു തനിക്കു പരിപൂർണ്ണസ്വാതന്ത്ര്യം ലഭിച്ചതിനുശേഷം റബ്ബർകൃഷിയുടേയും തത്തുല്യമായ വ്യവസായങ്ങളുടേയും അഭിവൃദ്ധിക്കു വേണ്ട നിർദ്ദേശങ്ങൾ പ്രചരിപ്പിക്കുന്നതിനും കൂലിക്കാരുടെ സങ്കടങ്ങൾ പരിഹരിക്കുന്നതിനും അവരും മുതലാളികളും തമ്മിൽ സൌഹാർദ്ദം സ്ഥാപിക്കുന്നതിനുംഭാസ്കരൻശ്രമിച്ചുതുടങ്ങി. സിലോൺ ഗവണ്മെന്റു അദ്ദേഹത്തിന്റെ ഉപദേശങ്ങൾ ബഹുമാനപുരസ്സരം സ്വീകരിച്ചു.

ഇൻഡ്യാഗവണ്മെന്റിനു ഇത്തരത്തിലുള്ള ഒരു ഉപദേഷ്ടാവിനെ ആവശ്യം ഉണ്ടായിരുന്നു. ഭാസ്കരന്റെസാമർത്ഥ്യങ്ങളെപ്പററിയുള്ള കേൾവി എല്ലായിടവും വ്യാപിച്ചു. അതുകൊണ്ടു് ഇൻഡ്യാഗവണ്മെന്റ് അദ്ദേഹത്തെ ക്ഷണിച്ചു. തനിക്ക് അത്യുൽകൃഷ്ടമായ ഒരു സ്ഥാനം വന്നുകഴിഞ്ഞതിനുശേഷം മാതാപിതാക്കന്മാരേയും സഹോദരിയേയും നാട്ടുകാരേയുംകാണണമെന്ന് ആഗ്രഹിച്ചിരുന്നഭാസ്കരൻ ഇൻഡ്യാഗവണ്മെന്റിന്റെ ഉപദേഷ്ടാവും അതിഥിയുമായി സിലോണിൽനിന്നു തിരിച്ചു.

ഒരുദിവസം രാമനാഥന്റെ ഗൃഹത്തിലേക്ക് ധാരാളം ആളുകൾ പൊയ്ക്കൊണ്ടിരുന്നു. ഭാസ്കരന്റെ അമ്മയുടെ രോഗം ആപൽക്കരമായ നിലയിൽ എത്തിയിരിക്കുന്നതാ

യറിഞ്ഞാണ് ഗ്രാമവാസികൾ എത്തിയതു്. മൂന്നുനാലുദിവസം മുമ്പേ അവിടെയെത്തിയ രാമചന്ദ്രനും ശാരദയും രോഗിണിയുടെ ശയ്യയ്ക്കടുത്തു കരഞ്ഞുകൊണ്ടിരിക്കുന്നു. രാമനാഥൻ കണ്ണുനീർ അകത്തേക്കിറക്കി വാതലിനു വെളിയിൽ ചിന്താധീനനായി നിൽക്കുന്നു. കഠിനമായ ആധികൊണ്ടു വന്നുചേർന്ന വ്യാധിക്കു യാതൊരു ഔഷധവും ഇല്ലെന്നുപറഞ്ഞു വൈദ്യന്മാർ കയ്യൊഴിഞ്ഞിരിക്കുന്നു.

രാമനാഥനെക്കാണണമെന്നു് രോഗിണി ആവശ്യപ്പെട്ടു. വിവരം ശാരദ അച്ഛനെ വിളിച്ചറിയിച്ചു. രാമനാഥൻ അടുത്തുചെന്നു രോഗിണിയുടെ കട്ടിലിൽക്കൂടെയിരുന്നു. രോഗിണി അസ്പഷ്ടസ്വരത്തിൽ പറഞ്ഞു:—

"ഞാൻ പോകുന്നു. എന്നാൽ എന്റെ കുഞ്ഞിനെ കാണാതെ പോകുവാൻ മനസ്സുവരുന്നില്ല. അവൻ തിരിച്ചുവരും. വരാതെയിരിക്കയില്ല. അപ്പോൾ ഞാൻ മരിച്ചുപോയതായിക്കാണുമ്പോൾ അവനു വളരെ വ്യസനം തോന്നും. ഞാൻ എന്താണു ചെയ്യുക! അനുഗ്രഹത്തിനൊത്തു ജീവൻ നിൽക്കുന്നില്ല. അവൻ വരുമ്പോൾ അവിടുന്നു് അവനോടു കോപിക്കരുതേ. ശാരീ! നിങ്ങൾ അവനേ കുററപ്പെടുത്തരുതേ. ലജ്ജസഹിക്കുവാൻ വയ്യാഞ്ഞതാണ് എന്റെ കുഞ്ഞു നാടുവിട്ടുപോയതു്"

രാമ:—അധികം സംസാരിക്കരുതു്. നമുക്കു പരിഹരിക്കുവാൻ പാടില്ലാത്ത ഒരു ദുഃഖത്തെപ്പററി ഓർത്തു് നിങ്ങൾ നിങ്ങളുടെ ആരോഗ്യം നശിപ്പിച്ചു. ഞങ്ങൾ ഇതിലെന്താണു ചെയ്യേണ്ടതു്?

ശാരദ:—അമ്മേ! ഞങ്ങളോടു് ഇത്രവളരെ കാരുണ്യക്കേടു കാണിക്കരുതേ. എന്റെ അനുജൻ തീർച്ചയായും

തിരിച്ചുവരും. അമ്മയ്ക്ക് അനുജനെ കാണുവാൻ ഇടവരും. അമ്മ വെറുതേ ആയുസ്സൊടുക്കരുത്. എന്നോടും എന്റെ അനുജനോടും അമ്മ വാത്സല്യക്കുറവാണു കാണിക്കുന്നത്.

ആ സമയം പടിക്കൽ ഒരു മോട്ടാർകാർ വന്നുനിന്നു. ആ ഗൃഹത്തിൽ കൂടിയിരുന്നവർ ഈ അത്ഭുതപൂർവ്വമായ കാഴ്ച കാണുവാൻ അങ്ങോട്ടുനോക്കി. വണ്ടിയിൽനിന്ന് അതികോമളനായ ഒരു യുവാവ് ഇറങ്ങി വീട്ടിലേക്കു നടന്നു. ആരെന്നറിയുന്നതിന് ആർക്കും നിവൃത്തിയുണ്ടായില്ല. വിശിഷ്ടവസ്ത്രധാരിയായ യുവാവു നേരേവന്നു രോഗിണി കിടക്കുന്ന മുറിയിൽക്കയറി. തലകുനിച്ചിരുന്ന രാമനാഥനും ശാരദയും രാമചന്ദ്രനും ആഗതൻ വളരെ അടുത്തെത്തിയതിനുശേഷമാണു കണ്ടത്.

രാമനാഥൻ യുവാവിന്റെ മുഖത്തുനോക്കി. യുവാവ് അച്ഛന്റെ പാദങ്ങളിൽ നമസ്കരിച്ചു. "അമ്മാ! എന്റെ അനുജൻ. എന്റെ കൊച്ചുഭാസി" എന്നു ശാരദ നിലവിളിച്ചു. രാമനാഥൻ പുത്രനെ പിടിച്ചെഴുന്നേല്പിച്ച് അവന്റെ അമ്മയുടെ കട്ടിലിൽ ഇരുത്തി. ഭാസ്കരൻ അമ്മയെ ആലിംഗനംചെയ്തു. ഈ കാഴ്ചകൾ കണ്ട് അവിടെ നിന്നവരെല്ലാം കണ്ണുനീർപൊഴിച്ചു.

രാമനാഥന്റെ ഗൃഹത്തിൽ അന്ന് ഒരു ഉത്സവമായിരുന്നു. കുബേരനും ഉയർന്ന ഉദ്യോഗസ്ഥനുമായി തിരിച്ചെത്തിയിരിക്കുന്ന ഭാസ്കരനെ കാണുന്നതിന് അയൽദിക്കുകളിൽനിന്നുപോലും ആളുകൾ വന്നുതുടങ്ങി. ഭാസ്കരന്റെ താമസം സകലവിധത്തിലും സുഖപ്രദമാക്കണമെന്നുണ്ടായിരുന്ന ഗവണ്മെന്റിന്റെ ആജ്ഞയെ അനുസരിച്ച് ആ താലൂക്കിന്റെയും ഡിവിഷന്റെയും ഭരണാധികാരികൾ എ

ത്തി. അവരുടെ ശ്രമംനിമിത്തം ആളുകളുടെ ബാഹുല്യം ആക്ഷേപം അസൌകര്യവും ഉണ്ടാക്കിയില്ല. രണ്ടുമൂന്നുദിവസം കഴിയുന്നതിനുമുമ്പിൽ ഈ വാർത്ത നാഗപുരത്തുനിന്നുംതന്നെ അനവധി ആളുകളെ ആകർഷിച്ചു.

പുത്രൻെറ ഉയർച്ചയെപ്പററി കേട്ട മാതാവ് രോഗനിവൃത്തയായി ശാരദയുടെ പ്രായത്തിലും താണുള്ള യൌവനത്തിൽ എത്തിയിരിക്കുന്ന രാമനാഥൻ മാത്രം വലിയ ഉത്സാഹം ഭാവിക്കാതെ വീട്ടുകാര്യങ്ങൾ നോക്കുന്നുണ്ടെങ്കിലും ആ ഗൃഹസ്ഥനും കൂടെക്കൂടെ മകൻെറ രാജയോഗ്യമായ സ്ഥിതിയെപ്പററി ഓർത്തു് ആനന്ദാശ്രുക്കൾ പൊഴിച്ചുപോകുന്നുണ്ടു്.

ഭാസ്കരൻ: – ചേട്ടാ! ഞാൻ നിങ്ങളെ ഒക്കെ വളരെ കഷ്ടപ്പെടുത്തി അന്നു ചേട്ടൻ തന്ന ഉപദേശം ഞാൻ അനുസരിച്ചിരുന്നെങ്കിൽ ഈ മഹാപാപം ചെയ്യുവാൻ ഇടയാവുകയില്ലായിരുന്നു.

രാമചന്ദ്രൻ:—അതേ എന്നാൽ നിങ്ങൾ ഇപ്പോൾ അധികമാക്കും ലഭിക്കാത്തതായ ഉയർന്നപദവിയിൽ എത്തിയിരിക്കുകയാണല്ലോ. അതുകൊണ്ടു് ഒരുപക്ഷെ ആ കാലങ്ങൾ ഒക്കെ ഈശ്വരൻ മനഃപൂർവ്വമായി വരുത്തിക്കൂട്ടിയതായിരുന്നേക്കാം.

ഭാസ്കരൻ:—എത്രമാത്രം ഉയർന്നാലും ഞാൻ കാണിച്ച നിഷ്ഠുരതാപം പരിഹരിക്കുവാൻ എനിക്കു് ഒരിക്കലും ശക്തിയുണ്ടാകുന്നതല്ല. എൻെറ ചരിത്രം ഈശ്വരൻെറ കാരുണ്യത്തെമാത്രം അല്ലാതെ എൻെറ സാമർത്ഥ്യത്തെ തീരെ കാണിക്കുന്നില്ല. അവിടുന്നു് എനിക്കു തന്ന ബുദ്ധിശക്തിയെ ഞാൻ കാൽകൊണ്ടു ചവിട്ടി

ത്തേച്ചു. ക്ഷീണമനസ്കനായി ചീത്തക്കൂട്ടിൽക്കൂടി. നിങ്ങളുടേയും ഒന്നും വാക്കുകേൾക്കാതെയും, വീട്ടിലെ ദാരിദ്ര്യത്തെപ്പററി ഒട്ടും ആലോചിക്കാതെയും ഞാൻ ധൃഷ്ടത കാണിച്ചു അതിനു തക്കതായ ശിക്ഷ എനിക്കു ലഭിക്കുകയുംചെയ്തു. ഒരുകാൎയ്യം ഇതിൽനിന്നു നല്ലതുപോലെ പഠിക്കുന്നതിന് എനിക്കു സാധിച്ചിട്ടുണ്ട്. ബാലന്മാർ ചീത്തയാകുന്നതു് കൂട്ടുകാരുടെ കുററംകൊണ്ടാണു്. ഏതിലേക്കും തിരിയാവുന്ന ഇളം പ്രായത്തിൽ, അല്പം ഒരു സമാധാനബുദ്ധിയും തിരിച്ചറിവും ഉപയോഗിക്കാമെങ്കിൽ ഒരു കുട്ടിയും ചീത്തയാകുന്നതല്ല. പന്ത്രണ്ടിനും ഇരുപതിനും ഇടയ്ക്കുള്ള കാലംമാത്രം നോക്കിക്കൊണ്ടാൽമതി. അപ്പൊഴേക്കു് സ്വഭാവത്തിന് ഉറപ്പുകിട്ടുന്നു. പിന്നെ ജയമോ പരാജയമോ നിശ്ചയമാണു്- അതുകൊണ്ടു് ഈ നികൃഷ്ടസ്ഥിതിക്കൊരുദാഹരണമായി എന്റെ കഥ ശേഷിക്കുന്നു. ഈ പ്രധാനമായ തത്വം മനസ്സിലാക്കി വിദ്യാലയജീവിതം നിൎവഹിക്കുന്നവൎക്കു പരമസുഖം ജഗദീശ്വരൻ നൽകുന്നതാണു്.

ശുഭം.

---

MUL
089387